2015 മാർച്ച് 10
വാല്യം 08
ലക്കം 05

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# പ്രതിസന്ധി സൃഷ്ടിക്കുന്ന ലെറ്റർ പാഡ് സംഘടനകൾ



കവർ സ്റ്റോറി

ജെയ്സ്പാണ്ടനാട്

ദീർഘവീക്ഷണമില്ലാതെ പ്രവർത്തിക്കുന്ന ലെറ്റർ പാഡ് സംഘടനകൾ മിഷൻ രംഗത്ത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. രാജ്യം കടന്നു പോകുന്ന സങ്കീർണ്ണമായ രാഷ്ട്രീയ കാലാവസ്ഥയിൽ മിഷൻസ് സംഘടനകളും സമാന്തരപ്രവർത്തനങ്ങളും ഗൗരവമായ പുനർവിചിന്തനം നടത്തേണ്ടിയിരിക്കുന്നു. പെന്തെക്കോസ്തിന്റെ ആദ്യകാലങ്ങളിൽ ഒറ്റമുന്നേറ്റമായിരുന്ന ആത്മീയ ഉണർവ്വ് പിന്നീട് പല കൈവഴികളായി പിരിഞ്ഞു. ഭാരതത്തിലെ പെന്തെക്കോസ്തിന് ആദ്യഘട്ടങ്ങളിൽ സംഘടിതമായ രൂപമില്ലായിരുന്നു. എന്നാൽ 1930കൾക്കുശേഷം വിവിധ പ്രസ്ഥാനങ്ങൾക്ക് സംഘടനാ രൂപങ്ങളായി. എന്നാൽ 1950കൾക്കുശേഷം മുഖ്യധാര സഭകളുടെ ചേർന്നു നിൽക്കാതെ സ്വതന്ത്രമായ നിലപാട് പുലർത്തുന്ന ഒട്ടനവധി പ്രസ്ഥാനങ്ങളുണ്ടായി. മുഖ്യാധാര സംഘടിത സഭകളോട് യോജിച്ച് പോകാതെ നിൽക്കുന്നതിൽ ചിലർക്ക് സാമ്പത്തിക താല്പര്യങ്ങളും ഉണ്ടായിരുന്നു. സ്വന്തമായ വിഭവസമാഹരണം, അധികാര കേന്ദ്രീകരണം തുടങ്ങിയ നിഷിപ്ത താല്പര്യങ്ങൾക്കുവേണ്ടി സ്വന്തം പ്രസ്ഥാനം ഉണ്ടാക്കി ചിലർ സാമ്രാജ്യം വിപുലമാക്കി.

പിന്നീട് സഭാ സമാന്തര സംഘടനകൾ കൂണുകൾ പോലെ ഉണ്ടായി. വ്യത്യസ്ത സ്വഭാവവും ലക്ഷ്യങ്ങളുമുള്ള സംഘടനകൾ രൂപപ്പെട്ടു. രണ്ടു മലയാളികൾക്ക് മൂന്നു സംഘടനകൾ എന്ന രീതിയിൽ ലെറ്റർ പാഡ് സംഘടനകൾ കുമിഞ്ഞുകൂടി. പ്രോജക്റ്റുകൾ കടലാസുകളിൽ മാത്രം ഒതുങ്ങി. തലയെണ്ണി പണം വാങ്ങിക്കുന്നവരും



കള്ള കണക്ക് അവതരിപ്പിച്ചും വ്യാജറിപ്പോർട്ട് ഉണ്ടാക്കിയും ചിലർ സ്പോൺസർമാരെ കബളിപ്പിച്ചു. ഫണ്ട് ദാതാവിനോട് യാതൊരു വിശ്വസ്തതയും പുലർത്താതെ മിഷന്റെ പേരിൽ പണം വസൂലാക്കി. ചിലർക്ക് സ്വയം നേതാവാകാൻ സ്വന്തം സംഘടന ആവശ്യമായിരുന്നു. ജീവകാരുണ്യ രംഗത്ത് പ്രവർത്തിപ്പാൻ പലരും താല്പര്യം കാണിച്ചു. ആദിവാസി സ്നേഹവും അനാഥ സ്നേഹവും നിറഞ്ഞൊഴുകി. എന്നാൽ പല പ്രവർത്തനങ്ങൾക്കും യാഥാർത്ഥ്യങ്ങളുമായി യാതൊരു ബന്ധവുമില്ലായിരുന്നു.

ഇന്ന് വർഗ്ഗീയ സംഘടനകൾ മിഷൻ പ്രവർത്തനങ്ങളെ ടാർജറ്റ് ചെയ്യാൻ കാരണങ്ങൾ പലതുണ്ട്. പല മിഷനറി സംഘടനകളുടെയും വെബ്സൈറ്റുകൾ, ബ്രോഷറുകൾ, മിഷൻ ജേണലുകൾ എല്ലാം ഊതിപ്പെരുപ്പിച്ച കണക്കുകളാണ് അവതരിപ്പിക്കുന്നത്. ആദിവാസികളുടെയും അനാഥരുടെയും വൃദ്ധജനങ്ങളുടെയും ഫോട്ടോകൾ പ്രദർശിപ്പിച്ചും ഗോത്രവർഗ്ഗക്കാരുടെ കൂട്ടസ്നാനങ്ങൾ പരസ്യമാക്കിയും മനപൂർവ്വം പ്രകോപനം സൃഷ്ടിക്കുകയാണ്. എ.ഡി. രണ്ടായിരത്തിൽ ഭാരതം സുവിശേഷീകരിക്കപ്പെടുമെന്ന പ്രഖ്യാപനം വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. മിഷൻ 2000, ഹാർവെസ്റ്റ് 2025, വിൻ ഇൻഡ്യ തുടങ്ങിയ ബ്രാൻഡുകളിൽ ഇന്ത്യയിലെ ദളിതരെയും ആദിവാസികളെയും മുഴുവൻ ക്രിസ്ത്യാനികളാക്കുമെന്ന പ്രഖ്യാപനങ്ങൾ ദൂരവ്യാപകമായ ഭവിഷത്തുകളാണ് ഉണ്ടാക്കുന്നത്.

സഭാ വളർച്ചയുടെ പേരിൽ നമ്മുടെയിടയിൽ നടക്കുന്ന ഇത്തരം പർവ്വതീകരിച്ച പ്രഖ്യാപനങ്ങൾ സർക്കാർ ഏജൻസികളും വർഗീയ സംഘടനകളുടെ രഹസ്യ സംവിധാനങ്ങളും ഗൗരവമായിട്ടാണ് കാണുന്നത്. മാറിയ രാഷ്ട്രീയ സാഹചര്യത്തിൽ വിദേശഫണ്ട് സ്വീകരിക്കുന്ന എൻ. ജി. ഒ. സംഘടനകളെ ഇന്റലിജൻസ് ബ്യൂറോ നിരീക്ഷിക്കുന്നുണ്ട്. ഇതിനോടകം പല പരിസ്ഥിതി സംഘടന

04

## ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തെക്കോസ്തൽ കോൺഫറൻസ് ഒരുക്കങ്ങൾ പൂർത്തിയായി



പാസ്റ്റർ തോമസ് ജോർജ്



പാസ്റ്റർ സണ്ണി കുര്യൻ



പാസ്റ്റർ പ്രകാശ് ജേക്കബ്



ഇവാ. റോയ് മാത്യു

ഗോൾഡ് കോസ്റ്റ്: ഇൻഡ്യൻ പെന്തെക്കോസ്തൽ സഭകളുടെ അഞ്ചാമത് ഫാമിലി കോൺഫറൻസ് 2015 മാർച്ച് 27,28,29 (വെള്ളി, ശനി, ഞായർ) തീയതികളിൽ ഗോൾഡ് കോസ്റ്റിൽ (നേരാംഗ് ബൈ സെന്റെണിയൽ ബിൽഡിംഗ്, 833 സൗത്ത് പോർട്ട് നെരാംഗ് റോഡ്, നെരാംഗ് - 4216, ഗോൾഡ് കോസ്റ്റ്) വച്ചു നടക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി നാഷണൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ് അറിയിച്ചു.

മാർച്ച് 27 ന് വൈകിട്ട് 5.30നു നാഷണൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ് ഉദ്ഘാടനം നിർവ്വഹിക്കുന്ന കോൺഫറൻസിൽ പാസ്റ്റർ സണ്ണി കുര്യൻ, പാസ്റ്റർ ജേക്കബ് മാത്യു. പാസ്റ്റർ തോമസ് ഹാബി എന്നിവരും സ്വദേശത്തും വിദേശത്തുമുള്ള മറ്റ് അഭിഷിക്ത കർതൃദാസന്മാരും ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. പാസ്റ്റർ ഡേവിഡ് എബ്രഹാം അഞ്ചേരിൽ. സിസ്റ്റർ സാറാമ്മ എബ്രഹാം അഞ്ചേരിൽ എന്നിവർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കും. കോൺഫറൻസിന്റെ ഈ വർഷത്തെ തീം “നന്മയും പ്രസാദവും പൂർണതയുമുള്ള ദൈവഹിതം തിരിച്ചറിയുക” (റോമ. 12:2) എന്നുള്ളതാണ്. ആധുനിക കുടുംബങ്ങൾ അഭിമൂഖീകരിക്കുന്ന പ്രശ്നങ്ങൾ എങ്ങനെ തരണം ചെയ്യാമെന്നതിനെപ്പറ്റി ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ പ്രഗത്ഭരായ ദൈവദാസന്മാർ ക്ലാസ്സ് എടുക്കുന്നതാണ്. ശനിയാഴ്ച രാവിലെ യൂത്ത്സിനു വേണ്ടിയും, സഹോദരിമാർക്ക് വേണ്ടിയും പ്രത്യേക സെഷനുകൾ ഉണ്ടായിരിക്കും. ഞായറാഴ്ചത്തെ സഭായോഗ

04

## കോടതി വ്യവഹാരവും പെന്തെക്കോസ്ത് സഭകളും



### അടുത്തലക്കം മുതൽ പരമ്പര ആരംഭിക്കുന്നു

നമ്മുടെ പെന്തെക്കോസ്ത് സഭകൾക്ക് എന്ത് സംഭവിച്ചു? ഒരിക്കൽ നിയമനങ്ങളും തീരുമാനങ്ങളും പ്രാർത്ഥനാപൂർവ്വം പരിശുദ്ധാത്മ നിയോഗത്തോടെ നടത്തുകയായിരുന്നു പതിവ്. അതിനെ അംഗീകരിക്കുന്നതിനുള്ള മനസ്സ് ജനത്തിനുമുണ്ടായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. കാര്യങ്ങൾ കോടതി തീരുമാനിക്കട്ടെ എന്നായിരിക്കുന്നു സ്ഥിതി. ഭരണഘടന ലംഘിക്കുന്ന ഭരണക്കാരും അധികാരമോഹം തലയ്ക്ക് പിടിച്ച ശുശ്രൂഷകരും പെന്തെക്കോസ്തിനെ മറ്റൊരു നിലവാരത്തിൽ എത്തിച്ചിരിക്കുന്നു. എന്തിനും ഏതിനും കോടതിവ്യവഹാരത്തിനായി തുനിയുന്നവർ വചനം എന്തു പറയുന്നു എന്ന് ശ്രദ്ധിക്കാറില്ല. നൂറ്റാണ്ടു പഴക്കമുള്ള ഓർത്തഡോക്സ് - യാക്കോബയ സഭാവഴക്ക് ഇന്നും കോടതിവിട്ടൊഴിഞ്ഞിട്ടില്ല. തെരുവുയുദ്ധവും കൊലപാതകവും വരെ അതിന്റെ പേരിൽ നടന്നു കഴിഞ്ഞു. നമ്മുടെ പെന്തെക്കോസ്ത് എങ്ങോട്ട്?

## സാക്ഷി



ആകാശത്തു നിന്ന് തീഗോളം
**- വാർത്ത**

ഇവിടെ വീണിട്ടില്ലാത്തതിനാൽ ന്യായവിധിയല്ലെന്ന് ഉറപ്പിക്കാം

## ഒരു അത്ഭുത രക്ഷപ്പെടൽ

### കനാൽ വെള്ളത്തിൽ വീണ് 10 കിലോമീറ്ററിലധികം ഒഴുകിയ വിശ്വാസിയായ മാതാവ് അത്ഭുതകരമായി രക്ഷപ്പെട്ടു

പാസ്റ്റർ സാജൻ ഈശോ പ്ലാച്ചേരി

പുനലൂർ: തെന്മല കെ ഐ. പി. ഇടതുകര കനാലിൽ വീണ മാതാവ് 10 കിലോമീറ്ററിലധികം ഒഴുകി ഒടുവിൽ അവിശ്വസനീയമായ രക്ഷപ്പെടൽ. പത്തനാപുരം, പിറവന്തൂർ, കറവൂർ വാലുതുണ്ടിൽ ബിനുഭവനിൽ പൊന്നമ്മ (83) ആണ് അത്ഭുതരക്ഷപ്പെടലിന്റെ കഥ പറയാനുള്ളത്.

കഴിഞ്ഞ ഫെബ്രുവരി 28ന് രാവിലെ 5 മണിയോടടുത്ത് വീടിനു പുറത്തേക്കിറങ്ങിയ മാതാവ് കാൽവഴുതി കനാലിൽ അകപ്പെടുകയായിരുന്നു. കയ്യിലുണ്ടായി



രുന്ന ഊന്നുവടിയുടെ സഹായത്താൽ വെള്ളത്തിനുമുകളിൽ തല ഉയർത്തിപിടിച്ചുകിടന്നു. പലപ്പോഴും തല വെള്ളത്തിൽ മുങ്ങി. കോഴിപ്പാലം, പെരുന്തക്കുഴി നീർപ്പാലങ്ങൾ (അക്വഡേറ്റ്), കടന്ന് ഒരു കിലോമീറ്ററിലധികം നീളമുള്ള കൂബിക്കൽ തുരങ്കവും കടന്ന് കൂബിക്കൽ പാലത്തിനടുത്ത് എത്താറുകുമ്പോഴാണ് നാട്ടുകാരുടെ ശ്രദ്ധയിൽപ്പെടുന്നത്. മൃതദേഹം എന്ന് കരുതി മാതാവിനെ പുറത്തെടുക്കുവാൻ ആരും ശ്രമിച്ചില്ല. എന്നാൽ തല ഉയർത്തി പിടിച്ചിരിക്കുന്നത് ചിലരുടെ ശ്രദ്ധയിൽപ്പെട്ടു. പെട്ടെന്ന് ചില ചെറുപ്പക്കാർ വെള്ളത്തിലേക്ക് ഇറങ്ങി മാതാവിനെ പുറത്തെടുത്തു. അപ്പോഴാണ് ജീവൻഉണ്ടെന്ന് മനസ്സിലാകുന്നതും ഉടൻ തന്നെ പത്തനാപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തിക്കുകയുമായിരുന്നു. പ്രാഥമിക ശുശ്രൂഷകൾക്ക് ശേഷം ആര്യങ്കാവിലുള്ള കൊച്ചു മകന്റെ ഒപ്പം വീട്ടിലേക്ക് പോയി.

10 അടിയിലേറെ ഉയരത്തിൽ വെള്ളം ഒഴുകിയിരുന്ന കനാലിൽ വെള്ളത്തിന്റെ തോത് 6 അടിയായി കുറച്ചിട്ടു 3 ദിവസമേ ആയിട്ടുള്ളൂ. 15 മിനിറ്റ് കൂടി വെ

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഇത് നാണക്കേട്

എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്കാകെ നാണക്കേടാണ് ഇന്ന് നടക്കുന്ന കോടതിവ്യവഹാരങ്ങൾ എന്തിനും ഏതിനും കോടതിയിലേക്ക് ഓടുന്നത് സർവ്വസാധാരണമായിരിക്കുന്നു. ഇന്ത്യയിലെ പ്രധാന പെന്തെക്കോസ്ത് സഭയായ ഐ. പി. സി.യിൽ ഇന്ന് നടക്കുന്ന കേസുകൾ വളരെയാണ്. ചർച്ച് ഓഫ് ഗോഡിലും നേതൃത്വത്തിനുമെതിരെ കേസ് കോടതിയിലുണ്ട്. ഒരു മേശയ്ക്ക് ചുറ്റും ഇരുന്ന് പറഞ്ഞ് പരിഹരിക്കാവുന്ന വിഷയങ്ങളാണ് നേതൃത്വത്തിന്റെ പിടിപ്പുകേടുമൂലം നിയമനടപടികളിലേക്ക് നീങ്ങുന്നത്. പെന്തെക്കോസ്തിനെപ്പറ്റി പൊതുസമൂഹത്തിനുണ്ടായിരുന്ന ധാരണകളെല്ലാം ഇന്ന് മാറിയിരിക്കുന്നു. സഹിഷ്ണത, താഴ്മ, പരസ്പര സ്നേഹം, കരുതൽ ഇവയെല്ലാം പെന്തെക്കോസ്തിന്റെ ഭാവങ്ങളായി പൊതുസമൂഹം കണ്ടിരുന്ന ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ സംഗതി ആകെ മാറിയിരിക്കുന്നു. ഇന്ന് ആരാധനാലയങ്ങളിലും സഭാകേന്ദ്രത്തിലുമൊക്കെ അടിയുണ്ടാക്കാൻ ഒരു മടിയുമില്ലാത്തവരായി പെന്തെക്കോസ്തുകാർ മാറിയിരിക്കുന്നു. ഒരു ഭാഗത്ത് സുവിശേഷ വിരോധികൾ സുവിശേഷകരെ മർദ്ദിക്കുമ്പോൾ ദുഃഖകരം എന്നുപറയട്ടെ അതിനെ അപലപിക്കുവാനോ അവർക്കായി പ്രാർത്ഥിക്കുവാനോ ആർക്കും സമയമില്ല. നിയമനങ്ങൾക്കും പദ്ധതികൾക്കും എതിരെ കോടതിയിൽ എത്തി മിടുക്കരാകുവാനാണ് പലരും ശ്രമിക്കുന്നത്. എന്നാൽ ഇത് ദൈവവചനത്തിന്റെ വ്യവസ്ഥയ്ക്ക് യോജിക്കുന്നതാണോ എന്ന് സ്വയം ശോധനചെയ്യേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു.

തല്ല് കേസ്, തട്ടിപ്പ് കേസ്, അധികാരത്തിനുവേണ്ടിയുള്ള കേസ് ഇങ്ങനെ അനവധി കേസുകളാണ് പെന്തെക്കോസ്തുകാരുടേതായി കോടതികളിൽ എത്തുന്നത്. ഒരിക്കൽ ദൈവഭയം ഉള്ളവരായിരുന്നു പെന്തെക്കോസ്തുകാർ. എന്നാൽ ഇന്ന് ദൈവത്തെയും മനുഷ്യരെയും ഭയപ്പെടുകയോ ശങ്കിക്കുകയോ ചെയ്യാത്തവരായി ഇക്കൂട്ടർ മാറിക്കഴിഞ്ഞു. കാശുണ്ടെങ്കിൽ എന്തും നേടുവാൻ കഴിയുമെന്ന ചിന്താഗതി പ്രബലമാണ്. ആത്മീയർക്ക് ഇന്ന് ഇവിടെ സ്ഥാനമില്ലാതായിരിക്കുന്നു. പ്രാർത്ഥിക്കുന്നവരും ആത്മീയരുമെല്ലാം ഭോഷന്മാരാണ് എന്ന് ചിന്തിക്കുന്ന ഒരുകൂട്ടം പെന്തെക്കോസ്തിൽ ആധിപത്യം ഉറപ്പിച്ചിരിക്കുന്നു. അധികാരകസേരയ്ക്ക് വേണ്ടി ലോകക്കാരെക്കാൾ തരംതാഴുകയാണ് ഇക്കൂട്ടർ.

ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് മറ്റുള്ളവരോട് എങ്ങനെ പറയുവാൻ കഴിയും. സ്റ്റേജുകളിൽ വാക്കുകൾകൊണ്ട് അമ്മാനം ആടുന്ന നേതാക്കന്മാർ പിന്നണിയിൽ കടുത്ത തന്ത്രശാലികളാണ്. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ഇല്ലാതാക്കിയിരിക്കുന്ന ഒരുകൂട്ടം കപടവിശുദ്ധന്മാർ.

കേസുമായി എന്തുകൊണ്ട് ജനം കോടതിയിലെത്തുന്നു. അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ നേതൃത്വത്തിന് കഴിയുകയില്ല. ചിലർ വിചാരിച്ചാൽ നിമിഷനേരം കൊണ്ട് പരിഹരിക്കാവുന്നതാണ് പല കോടതിവ്യവഹാരങ്ങളും. സഭയുടെ നടത്തിപ്പിനായി എഴുതിയുണ്ടാക്കിയിരിക്കുന്ന ഭരണഘടനാ പ്രകാരം വിശ്വസ്തതയോടെ ഭരിക്കാമെങ്കിൽ ഇത്തരം പ്രശ്നങ്ങളെല്ലാം ഒഴിവാക്കാവുന്നതേയുള്ളൂ. കൈക്കൂലി വാങ്ങിയും സ്വജനപക്ഷപാതം നടത്തിയും തങ്ങൾക്ക് ബോധിച്ചതുപോലെ ഭരിക്കുന്ന നേതൃത്വത്തിനും ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊണ്ട് നയിക്കുവാൻ കഴിയുന്ന നേതൃത്വമാണ് ഇന്നാവശ്യം. കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന നില സഭയെ സംബന്ധിച്ചിടത്തോളം അപകടകരമാണ്. പണം കൊണ്ട് എന്തും നേടാം എന്ന് വിചാരിക്കുന്നവർ പ്രസ്ഥാനങ്ങളുടെ മുമ്പിൽ വരുമ്പോൾ അവിടെ ഇല്ലാതെയാകുന്നത് മൂല്യങ്ങളാണ്. ഒപ്പം സമൂഹത്തിന് നമ്മെപ്പറ്റിയുള്ള കാഴ്ചപ്പാടും.

പരിശുദ്ധാത്മാവിന്റെ നിയോഗവും നിയന്ത്രണവും ഉണ്ടായിരുന്ന സഭാകേന്ദ്രങ്ങളും സഭാതീരുമാനങ്ങളും ഇന്ന് നിയന്ത്രിക്കുന്നത് കോടതിയാണ് എന്നു വരുമ്പോൾ നമ്മൾ എവിടെ എത്തി നിൽക്കുന്നു എന്ന് സ്വയം ചിന്തിക്കുക. സഭകളുമായി ബന്ധപ്പെട്ട് ഇന്ന് കോടതി വ്യവഹാരങ്ങൾ വർദ്ധിച്ചിരിക്കുന്നു. കോടതി വ്യവഹാരത്തെക്കുറിച്ച് വചനവെളിച്ചത്തിൽ ജേണൽ ആരംഭിക്കുന്ന പരമ്പര അടുത്ത ലക്കത്തിൽ വായിക്കുക.

## വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ലോകത്തെ ചലിപ്പിക്കുന്ന പ്രാർത്ഥനാ ശക്തി

## (The Pastoral Epistles)

- തുടർച്ച-

മൂന്നാമതായി നമ്മുടെ പ്രാർത്ഥനയ്ക്കു ദൈവം നൽകുന്ന മറുപടി കുറെക്കൂടി കാത്തിരിക്കുക എന്നായിരിക്കും. ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കുക. അപ്പൊസ്തലനായ പൗലോസ് തന്റെ ശരീരത്തിലെ പ്രയാസം മാറി കിട്ടുവാനായി പ്രാർത്ഥിച്ചപ്പോൾ ദൈവം നൽകിയ മറുപടി എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നാണ് 2 കൊരി. 12:8-9.

ചുരുക്കത്തിൽ നമുക്കു ഏതാണ് ഏറ്റവും നല്ലതെന്ന് സർവ്വജ്ഞാനിയായ ദൈവത്തിന് അറിയാം. ദൈവം ദോഷമായിട്ട് ഒന്നും ചെയ്യുകയില്ല. നമ്മൾ ആഗ്രഹിച്ചിട്ട് പ്രാർത്ഥിക്കുന്ന കാര്യം നമുക്കു നല്ലതായിരിക്കും. നമുക്കു ദോഷം ചെയ്യുന്നതായിരിക്കും, എന്താണ് നല്ലതെന്നും എന്താണ് ദോഷം എന്നും അറിയുന്ന ദൈവം താൻ സ്നേഹിക്കുന്ന കുഞ്ഞിനുമാത്രമേ നൽകുകയുള്ളൂ. ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കുക, ദൈവം ചെവി എപ്പോഴും നമ്മുടെ പ്രാർത്ഥനയ്ക്കു തുറന്നിരിക്കുകയാണ്. നമ്മുടെ കരച്ചിലിന്റെ ശബ്ദം സ്വീകരിക്കുവാൻ ദൈവ ഹൃദയം തയ്യാറാണ്.

### എന്തുകൊണ്ട് പ്രാർത്ഥിക്കണം

പ്രാർത്ഥന എന്നതിനു മലയാളം നിഘണ്ടുവിൽ അപേക്ഷ, യാചന എന്നിങ്ങനെയാണ് അർത്ഥം. പ്രെയർ (Prayer) എന്നതിന് ഇംഗ്ലീഷ് ഡിക്ഷണറിയിൽ appeal to God devotely, ask humbly, entreat, beg എന്നിങ്ങനെയും വിവിധ അർത്ഥങ്ങൾ നൽകിയിട്ടുണ്ട്. ജോൺ വെസ്ലി എന്ന ഭക്തൻ പറഞ്ഞിരിക്കുന്നത്, ലോകത്തെ ചലിപ്പിക്കുന്ന കരങ്ങളെയാണ് നാം പ്രാർത്ഥനയിലൂടെ ചലിപ്പിക്കുന്നത്.

1. കർത്താവ് നമുക്കു ഒരു മാതൃകകാട്ടി തന്നിരിക്കുന്നതിനാൽ നാം പ്രാർത്ഥിക്കണം, മത്താ. 5:44, ലൂക്കോ. 23:34,
2. നമുക്കു എതിരായി സാത്താൻ പ്രവർത്തിക്കുന്നതുകൊണ്ട് നാം പ്രാർത്ഥിക്കണം, 1 പത്രോസ്. 5:8
3. ദൈവത്തിങ്കൽ നിന്നും അനുഗ്രഹം പ്രാപിപ്പാൻ നാം പ്രാർത്ഥിക്കണം, മത്താ. 7:7–11
4. നമ്മുടെ ആത്മീയ വളർച്ചയ്ക്കുവേണ്ടി നാം പ്രാർത്ഥിക്കണം.

### എങ്ങനെ നാം പ്രാർത്ഥിക്കണം?

1. നാം താഴ്മയോട് പ്രാർത്ഥിക്കണം, ലൂക്കോ. 18:1–14.
2. നാം നന്ദി നിറഞ്ഞ ഹൃദയത്തോട് പ്രാർത്ഥിക്കണം, ഫിലി: 4:6
3. ലഭിക്കും എന്ന വിശ്വാസത്തോട് പ്രാർത്ഥിക്കണം. മത്താ. 21:22.

### പ്രാർത്ഥന കേൾക്കുന്നതിനുള്ള വ്യവസ്ഥകൾ

1. പ്രാർത്ഥിക്കുന്ന വ്യക്തിക്കു ദൈവവുമായി അഭേദ്യമായ ഒരു ബന്ധം ഉണ്ടായിരിക്കണം 1 രാജാ.18
2. പ്രാർത്ഥിക്കുന്ന വ്യക്തിയുടെ ജീവിതം വിശുദ്ധമായിരിക്കണം, സങ്കീ. 66:18
3. പ്രാർത്ഥനയുടെ ആദ്യന്ത ലക്ഷ്യം ദൈവനാമമഹത്വം ആയിരിക്കണം ലൂക്കോ. 18

കൂടുതൽ പ്രാർത്ഥന കൂടുതൽ ശക്തി നൽകും.
More Prayer More Power
കുറച്ച് പ്രാർത്ഥന കുറച്ച് ശക്തി നൽകും.
Less Prayer Less Power
പ്രാർത്ഥന ഇല്ലയോ ശക്തിയും ഇല്ല.
No Prayer No Power
പ്രാർത്ഥന എന്നത് ദൈവവുമായുള്ള മനുഷ്യന്റെ ഒരു സംഭാഷണമാണ്.
Prayer is a coversation between God and Man
പ്രാർത്ഥന എന്നത് ദൈവമക്കളുടെ കവചമാണ്
Prayer is aShield to the children of God
പ്രാർത്ഥന എന്നത് ദൈവത്തിന്റെ സന്നിധിയിൽ നിന്നും അനുഗ്രഹങ്ങളെ വാങ്ങുന്നതിനുള്ള ഒരു ഏണിയാണ്. Prayer is a ladder to climb up to the presence of God to receive God's blessings. നീളം കുറഞ്ഞ പ്രാർത്ഥനയ്ക്കു സ്വർഗ്ഗത്തിലെത്താനുള്ള നീളം കാണും.

**പ്രാർത്ഥന**

ആരോട് പ്രാർത്ഥിക്കണം?

ദൈവത്തോട് പ്രാർത്ഥിക്കണം.

(തുടരും...)

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

BELIEVERS JOURNAL
(FORM IV SEE -RULE 8 )

| | | |
|---|---|---|
| 1. Place of Publication | : | Thiruvalla |
| 2. Periodicity of Publication | : | Fortnightly |
| 3. Printers Name | : | Peter Mathew |
| Whether citizen of India | : | Indian |
| Address | : | valliathu house, Kallumkal .P.O., Thiruvalla, Pathanamthitta, Kerala, Pin - 689102 |
| 4. Publishers Name | : | Peter Mathew |
| Address | : | Valliathu house, Kallumkal .P.O., Thiruvalla, Pathanamthitta, Kerala, Pin - 689102 |
| 5. Editior's Name | : | Samkutty Mathew |
| Address | : | Koipurathu House, Makkapuzha .P.O., Ranni, Pathanamthitta, Kerala, Pin 689 676 |

Name and Address of Individuals who owns the news paper : **Samkutty Mathew,** Koipurath House, Makkapuzha.P.O., Ranni,PTA - 689 676
**M.V. Philip,** Mekkattu House, Payippad P.O, Alappuzha- 690 556
**Peter Mathew,** Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111
I, Peter mathew hereby declare that the particulars given above are true to the best of my knowledge and belief. Sd/

Sd/-
Publisher

## എനിയ്ക്കും പറയാനുണ്ട്...

# ജീവകാരുണ്യരംഗവും പെന്തെക്കോസ്തും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ചില വർഷങ്ങൾക്കുമുമ്പ് ബ്രദർ പ്രകാശ് പി. കോശി, പാസ്റ്റർ റെജി തോമസ് എന്നിവരോടൊരുമിച്ച് മുംബൈയിലെ കൽവ എന്ന സ്ഥലത്തേക്ക് യാത്ര തിരിക്കുമ്പോൾ ഉള്ളിൽ മുംബൈയിൽ തെരുവിൽ നശിക്കുന്ന ഹതഭാഗ്യരായ മനുഷ്യരെക്കുറിച്ചുള്ള ചിന്തയായിരുന്നു. മുംബൈ ഇന്ത്യയുടെ വാണിജ്യ തലസ്ഥാനമാണ്. കേരളത്തിലെ ജനസംഖ്യയോളം വരും ഇവിടുത്തെ ജനസംഖ്യയും. കണ്ണഞ്ചിപ്പിക്കുന്ന മായികലോകമായാണ് മുംബൈയെ ജനമറിയുന്നത്. എന്നാൽ ഇരുളടഞ്ഞ മറ്റൊരു മുഖം മുംബൈക്കുണ്ട്. താൽകാലിക സുഖത്തിനായി അലയുന്ന ഒരുകൂട്ടം ജനത. അവരുടെ മുമ്പിൽ ബലിമൃഗങ്ങളെപ്പോലെ നിൽക്കേണ്ടി വരുന്ന ഹതഭാഗ്യരായ സ്ത്രീകൾ. മാംസദാഹം തീർക്കുവാൻ എത്തുന്നവർ അറിയാതെ കൊണ്ടുപോകുന്നൊരു സമ്മാനമുണ്ട്. എയ്ഡ്സ് എന്ന മാരകരോഗമാണത്. ദിനേന ഇത് ഇക്കൂട്ടർ പകർന്നു നൽകുന്നത് നൂറുകണക്കിനാളുകളിലേക്കാണ്. എത്രയോ കുടുംബങ്ങളെ തകർത്തുകളഞ്ഞ മാരകരോഗം. മനുഷ്യന്റെ ദുർന്നടപ്പിന് ദൈവം നൽകിയ ശിക്ഷ എന്നു പറയാം. സമൂഹം വെറുപ്പോടും അറപ്പോടും നോക്കികാണുന്ന രോഗം തന്നെയാണ് എയ്ഡ്സ്.

കൽവയിലെ ചേരിപ്രദേശത്തുകൂടി നടക്കുമ്പോൾ മനുഷ്യൻ ഇത്രയും വൃത്തിഹീനമായ സാഹചര്യത്തിലും ജീവിക്കുന്നല്ലോ എന്ന് അറിയാതെ ഓർത്തുപോയി. മനുഷ്യർക്ക് ജീവിക്കുവാൻ വേണ്ട അടിസ്ഥാനസൗകര്യങ്ങളൊന്നുമില്ലാത്ത ചേരികൾ. അവിടെ മനുഷ്യർ മൃഗങ്ങളെക്കാൾ അധഃപതിച്ചവരായി ജീവിക്കുന്നു. മദ്യവും മയക്കുമരുന്നും മാംസകച്ചവടവുമെല്ലാം തകൃതിയായി നടക്കുന്നിടം. ബ്ലസ് ഫൗണ്ടേഷനിൽ കൽവയിൽ നിന്നുള്ള രണ്ട് കുഞ്ഞുങ്ങളുണ്ട്. ശരീരം വിറ്റ് ജീവിക്കുന്ന എയ്ഡ്സ് രോഗിയായ ഒരു തമിഴ് സ്ത്രീയുടെ മകൻ. ജീവിതത്തിന്റെ അവസാനനാളുകളിലേക്ക് എത്തിനിൽക്കുന്ന ഈ സ്ത്രീ തന്നെ സമീപിക്കുന്ന പുരുഷന്മാർക്ക് ഈ രോഗവും സമ്മാനമായി നൽകിക്കൊണ്ടിരുന്നു (കഴിഞ്ഞയിടെ ആ സ്ത്രീ മരണമടഞ്ഞു). സുവിശേഷം അവരോട് പങ്കിടുവാൻ ലഭിച്ച അവസരങ്ങളെല്ലാം ബ്ലസ് ഫൗണ്ടേഷനിലെ പ്രവർത്തകർ നന്നായി ഉപയോഗിച്ചു. ഞങ്ങൾ ആ ഭവനത്തിലെത്തുമ്പോൾ അവിടെയൊരു സ്ത്രീ ഞങ്ങളെയും കാത്തിരിപ്പുണ്ടായിരുന്നു. എന്റെ മകളെ രക്ഷിക്കണമെന്ന അപേക്ഷയുമായി ആ മാതാവ് കൈകൂപ്പി ഞങ്ങളുടെ മുമ്പിൽ നിന്നു. കീറിയ വസ്ത്രം ധരിച്ച് എല്ലുപിടിച്ച ഒരു കൊച്ചുപെൺകുട്ടി അരികെ നിന്നിരുന്നു. അവളുടെ പേര് ലക്ഷ്മി. നിസ്സഹായയ ആ പെൺകുട്ടിയുടെ മുഖത്തേക്ക് നോക്കിയപ്പോൾ അറിയാതെ കണ്ണുകൾ നിറഞ്ഞുപോയി. അവളോട് ഞാൻ ചോദിച്ചു മോൾ ഞങ്ങളുടെ കൂടെ വരുന്നോ? വരുന്നുവെന്ന മറുപടികേട്ട് ഞങ്ങൾ ഞെട്ടി. ബ്ലസിലേക്ക് മടങ്ങുമ്പോൾ ലക്ഷ്മിയും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. ബ്ലസ്സിലെ ജീവിതം ലക്ഷ്മിയുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. മിടുക്കിയായി വളർന്ന ലക്ഷ്മിയെ മറ്റൊരു സ്ഥാപനത്തിലേക്ക് മാതാവിനോടൊരുമിച്ച് മാറ്റേണ്ടി വന്നു. കാരണം ബ്ലസ്സ് ഫൗണ്ടേഷനിൽ ആൺകുട്ടികൾക്കു മാത്രമാണ് സൗകര്യമുള്ളത്. ഇന്ന് ബ്ലസ്സിലുള്ളത് 20 കുട്ടികളാണ്. അവർക്കെല്ലാം ഇത്തരം കഥകളാണ് പറയാനുള്ളത്. യേശു ആരെന്നറിയാതെ ദിനേന മരിക്കുന്നവരുടെ എണ്ണം നൂറുകണക്കിനാണ്. എന്നാൽ ദുഃഖകരമായി എനിക്ക് തോന്നിയിട്ടുള്ളത് നമ്മുടെ പല ശുശ്രൂഷകരും ഇത്തരം ആളുകൾക്ക് നേരെ കണ്ണടയ്ക്കുന്നു. ജോലിയുള്ള മലയാളികളെ തേടി നടന്ന് സഭ തട്ടിക്കൂട്ടുവാനും വിയർക്കാതെ കഴിഞ്ഞുകൂടുവാനുമാണ് നോർത്തിന്ത്യൻ 99% പട്ടണങ്ങളിലെ മലയാളി സുവിശേഷകരുടെയും താൽപര്യം. പകൽ വിശ്രമവും സന്ധ്യയ്ക്ക് ഭവനസന്ദർശനവും നടത്തി തട്ടിക്കൂട്ട് ആരാധനയും ഒപ്പിച്ച് കേരളത്തിൽ വരുമ്പോൾ കോരിത്തരിപ്പിക്കുന്ന സാക്ഷ്യം പറഞ്ഞ് മാതൃസഭയെ ആവേശത്തിലാക്കുന്ന സുവിശേഷകന്മാർ. ഇതിനപ്പുറം ശരിയായ നിലയിൽ പ്രവർത്തിക്കുന്നവരും ധാരാളം ഉണ്ട്. പക്ഷെ അവരെ അറിയുവാനോ സഹായിക്കുവാനോ ആളില്ല എന്നതാണ് യാഥാർത്ഥ്യം.

കുമ്പനാട്ടും മുളക്കുഴയും പുനലൂരുമൊക്കെ രാഷ്ട്രീയ മല്ലന്മാരായി വാണ് സമൂഹത്തിലെ താഴേക്കിടയിലുള്ളവരെ കാണാൻ കാഴ്ചയില്ലാതെ അന്ധന്മാരായി ഒരു കൂട്ടം പെന്തെക്കോസ്തുകാർ കാലം പോക്കുകയാണ്. പ്രസ്ഥാനത്തിന്റെ പേരിൽ ഊറ്റം കൊള്ളുകയും തങ്ങളുടെ ഭരണനേട്ടമായി പലതും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നവർ വചനത്തിന്റെ ശരിയായ അർത്ഥം മറന്നവരാണ്. ഇക്കൂട്ടരെ കാണുമ്പോൾ അറിയാതെ വിമർശിച്ചുപോകും. ബ്ലസ്സ് ഫൗണ്ടേഷനിൽ എയ്ഡ്സ് രോഗികളായ കുഞ്ഞുങ്ങളോടൊരുമിച്ച് താമസിച്ച് അവരെ ശുശ്രൂഷിക്കുന്ന റെജി പാസ്റ്ററും കുടുംബവും, ഈ കുഞ്ഞുങ്ങളോടൊരുമിച്ച് പാടി ആരാധിച്ച് അവരെ സ്നേഹിക്കുന്ന ബ്ലസ് ഫെലോഷിപ്പിലെ വിശ്വാസികളും എനിക്ക് എന്നും ആവേശമാണ്. ഇത് ഇത്തരം പ്രവർത്തനം ചെയ്യുന്ന അനേക പ്രസ്ഥാനങ്ങളിലൊന്നുമാത്രം. അവരുടെ സേവനങ്ങൾക്കുമുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു. ശീതീകരിച്ച ഹാളുകളിലെ പുൾപിറ്റിൽ വെളിപ്പെടുന്നവനല്ല നമ്മുടെ ക്രിസ്തു. മറിച്ച് തെരുക്കോണിൽ അശരണരായവരുടെ അരികെ വെളിപ്പെടുന്നവനാണ് അവൻ. അവന്റെ കൈയിൽ ചാട്ടവാറും ഉണ്ടാകും. തെരുവിലല്ല മറിച്ച് ദേവാലയത്തിൽ. ദേവാലയത്തെ വാണിഭശാലയാക്കി മാറ്റിയ പരീശമതത്തിന്റെ മുഖത്തേക്ക് വീശിയ ആ ചാട്ടവാർ ഇന്നായിരുന്നുവെങ്കിൽ പതിക്കുന്നത് പെന്തെക്കോസ്തിലെ അഭിനവപരീശന്മാരുടെ മുഖത്തായിരുന്നേനെ. എന്തിനും ഏതിനും വ്യാഖ്യാനം നൽകി തങ്ങൾക്ക് അനുകൂലമാക്കി ന്യായപ്രമാണത്തെ മാറ്റുകയും ജനത്തിന്റെമേൽ കഠിനനുകം വയ്ക്കുകയും ചെയ്യുന്ന പരീശന്മാരുടെ ആധുനിക മുഖമാണ് ഇന്നത്തെ പെന്തെക്കോസ്ത് നേതൃത്വം. അധികാരത്തിന്റെ സുഖശീതളിമയിൽ വിരാജിച്ച് വൻ സാമ്രാജ്യങ്ങളാണ് ഇവർ നേടുന്നത്. പൗലോസ് സുവിശേഷവേലയ്ക്കായി ഇറങ്ങുമ്പോൾ വലിയ സമ്പത്തിന്റെ ഉടമയായിരുന്നു. എന്നാൽ താൻ മരണത്തോടടുക്കുമ്പോൾ തന്റെ സമ്പാദ്യം ഒരു കമ്പിളിപുതപ്പും ഒരു ചർമ്മലിഖിതവും ആയിരുന്നു. സുവിശേഷം നിമിത്തം തനിക്ക് എല്ലാം നഷ്ടപ്പെട്ടു. എന്നാൽ കിരീടം താൻ ഉറപ്പാക്കിയിരുന്നു. എന്നാൽ ഇന്നത്തെ നേതാക്കന്മാരുടെ പൂർവ്വകാലം നോക്കുമ്പോൾ ഇറങ്ങിത്തിരിച്ചപ്പോൾ നല്ല നേരം നോക്കി കഞ്ഞികുടിക്കുന്നവരും തകരപ്പെട്ടിയുടെ ഉടമസ്ഥരും ആയിരുന്നു. എന്നാൽ ഇവിടം വിടുമ്പോഴേക്കും അവർ വലിയ കോടീശ്വരന്മാരായി മാറിക്കഴിയുന്നു. അതിന് ഇക്കൂട്ടർ നൽകുന്ന ആത്മീയ പരിവേഷം കൂടിയാകുമ്പോൾ അവർ വിശുദ്ധരുമാകും. ഇതാണ് ആധുനിക സുവിശേഷകരുടെ മാജിക്. അസൂയ നിമിത്തമാണ് ഇതൊക്കെ പറയുന്നത് എന്ന് ഇക്കൂട്ടർ പ്രചരിപ്പിച്ചു കളയും. (തുടരും..)

## നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

### അദ്ധ്യായം 24



സുനിൽ വർഗീസ്,
ബാംഗ്ലൂർ

ദിവസങ്ങൾ കടന്നുപോകുന്നത് ആൽബർട്ട് അറിയുന്നില്ലായിരുന്നു. പ്രത്യേകിച്ച് ഒന്നും ചെയ്യുവാനില്ലാതെ, ചിലപ്പോൾ നീറി വരുന്ന വേദനയെ അടിച്ചമർത്തി അയാൾ ഒരു തടവിലെന്നപോലെ ആ വലിയ വീട്ടിൽ കഴിയുകയായിരുന്നു. ചിലപ്പോൾ വേദപുസ്തകം തുറന്നു വെയ്ക്കും, പക്ഷേ അതുപോലെ തന്നെ മടക്കി വെയ്ക്കുകയും ചെയ്യും. ഒരു പോലീസുകാരൻ അടിച്ചതിനാലോ, മുണ്ടോട്ടിത്തറയിൽ എപ്പോഴും കൂടെയുണ്ടായിരുന്ന ഡേവിഡ് വിട്ടു പോയതിനാലോ ഇനി നീലമുടിയിലേക്ക് വരരുതെന്ന ഭീഷണി നിലനിൽക്കുന്നതിനാലോ, ഏതിനാലാണ് താൻ ഇത്രത്തോളം പരിഭ്രാന്തനായി, ശ്വാസം മുട്ടിക്കഴിയുന്നതെന്ന് ആൽബർട്ട് അത്ഭുതം കൂറിയതേയില്ല. എല്ലാ ആശ്വാസകേന്ദ്രങ്ങളും അസ്തമിക്കുമ്പോൾ, പ്രതീക്ഷയുടെ എല്ലാ വാതിലുകളും കാരണങ്ങളില്ലാതെ അടഞ്ഞു പോകുമ്പോൾ ഓടിയെത്തുന്ന യേശുവിന്റെ നിരന്തരമായ സാന്നിദ്ധ്യത്തെക്കുറിച്ച് എത്രയോ തവണ ആൽബർട്ട് പ്രസംഗിച്ചിട്ടുള്ളതാണ്. പ്രാണനു നേരെ വാളുമായി നീലമുടിയിൽ പ്രതികൂലത്തിന്റെ കാറ്റ് വീശിയെത്തിയപ്പോൾ അടിപതറാതെ നിന്നിട്ടുണ്ട്, ആൽബർട്ട്. എന്നാൽ ഇപ്പോൾ മനസ്സാകെ മടുത്തു പോയതായി അയാൾ വേദനിച്ചു. ഉറഞ്ഞു കൂടുന്ന ദുഃഖം പങ്കുവെയ്ക്കുവാൻ പോലും ആരുമില്ലന്ന ഞെട്ടൽ അയാളിൽ സാധാരണമായി.

ഇന്നലെ മമ്മ കുറേ ഫോട്ടോകൾ കാണിച്ചു. പുഞ്ചിരിയോടെ പല രീതിയിൽ നിൽക്കുന്ന പെൺകുട്ടികൾ. ആരെയാണ് ഇഷ്ടമായതെന്ന് മമ്മ പുഞ്ചിരിയോടെ ചോദിക്കുന്നു. ആൽബർട്ടിനപ്പോൾ ചിരി വന്നു. ഇഷ്ടങ്ങൾ...!

ശീമോനെ, ഞാനൊരാളെ സെലക്ട് ചെയ്യട്ടെ..? പെൺകുട്ടികളുടെ ചന്തം നോക്കി, ഫോട്ടോകൾ മാറ്റി മാറ്റി കുറേ നേരം ആൽബർട്ടും ഇരുന്നു കൊടുത്തു. കാതറിൻ ഇപ്പോൾ എവിടെയാവും? പൊടുന്നനെ ആകാശം കറുത്തു തുടങ്ങിയതു പോലെ...അന്തരീക്ഷം വലിയോരു മഴയ്ക്കായി ഒരുങ്ങുന്നു.

മമ്മാ, ഇപ്പോൾ ഇതൊന്നും വേണ്ട, പപ്പാ പറഞ്ഞപോലെ ഗൾഫിലെ ചർച്ചിലേക്ക് പോകാം. പെണ്ണു കാണലിനൊക്കെ ഇനിയും സമയമില്ലേ...

മമ്മ ചിരിക്കുന്നു. നിനക്കു തോന്നുന്നുവോ, പെണ്ണു കെട്ടിക്കാതെ നിന്നെ ഇനി ഇവിടെ നിന്നു വിടുമെന്ന്...?

പുറത്ത് മഴ തുടങ്ങിയിരുന്നു. മിന്നലുകൾ ഹൃദയം പിളർന്നു പോകുന്നതായി ആൽബർട്ടിന് തോന്നി. എന്തായാലും പാസ്റ്ററങ്കിളിനെ ഒന്നു കാണട്ടെ..അയാൾ മെല്ലെ എഴുന്നേറ്റു.

ഉം...എനിക്കിഷ്ടപ്പെട്ട കുട്ടിയെ നിനക്കു കാണേണ്ടെ...? മമ്മ ഒരു ഫോട്ടോ എടുത്തു നീട്ടി. വെളുത്ത് മെലിഞ്ഞ വശ്യമായ ചിരിയോടെ ഒരു കുട്ടി. കാതറിന്റെ ഇരുണ്ട നിറവും ദുഃഖം തളം കെട്ടിയ കണ്ണുകളും ആൽബീ എന്ന വിളിയും മുഖം ചരിച്ചുള്ള ആ നോട്ടവും പ്രകാശിച്ചു നിന്ന മനസ്സോടെ ആൽബർട്ട് കോവേണി കയറി മുകളിലേക്ക് പോയി. നീ ഇതിന്റെ പേരു പോലും ചോദിച്ചില്ലാലോ...താഴെ നിന്ന് മമ്മ വിളിച്ചു ചോദിക്കുന്നത് അയാൾ ശ്രദ്ധിച്ചതേയില്ല.

പിറ്റേന്ന്, നടന്നാണ് ആൽബർട്ട് പാസ്റ്ററങ്കിളിന്റെ വീട്ടിലെത്തിയത്. കഴിഞ്ഞ മൂന്നാഴ്ചകൾക്ക് ശേഷം അയാൾ പുറത്തേക്കിറങ്ങുന്നത് അന്നായിരുന്നു. ചായ കുടിച്ചു കൊണ്ടിരുന്നപ്പോൾ പാസ്റ്ററങ്കിൾ പിന്നേയും ആൽബർട്ടിനെ ആശ്വസിപ്പിച്ചു. ആൽബീ...നീ നടന്ന കാര്യങ്ങളെക്കുറിച്ച് ഇനിയും ഇങ്ങനെ തകർന്നു നടക്കരുത്. ആ അദ്ധ്യായം കഴിഞ്ഞൂന്ന് കരുതുക. ഇനി..ആൽബീടെ പപ്പായ്ക്കും മമ്മിയ്ക്കുമാണ് നിന്നെ ആവശ്യം. അവരുടെ ആഗ്രഹങ്ങൾ പോലെ ഒരു പെണ്ണും കെട്ടി.. പപ്പായുടെ ബിസിനസ്സും നോക്കി, അല്ല, ദൈവവിളിയുമായി പോകാനാണെങ്കിൽ, കഴിഞ്ഞാഴ്ച ഞാൻ പറഞ്ഞതു പോലെ ഏതെങ്കിലും വഴികൾ തിരഞ്ഞെടുത്ത് മുന്നോട്ടു പോകണം.

ആൽബർട്ട് ഒന്നും ശ്രദ്ധിക്കാത്തതു പോലെ, ചായ കുടിക്കുന്നതിൽ അതീവ ജാഗ്രത കാണിക്കുന്നതു പോലെ ഇരുന്നു.

ചിലപ്പോൾ ഇതാവും ദൈവഹിതവും....ഒന്നു നിർത്തിയിട്ട് പാസ്റ്റർ തുടരുന്നു. എന്നെ തന്നെ നോക്ക്, നോർത്തിന്ത്യയിലേക്ക് ദൈവത്തിന്റെ തിരഞ്ഞെടുപ്പും വഹിച്ചു പോയവനാ ഞാൻ. ഇപ്പോൾ ദൈവം അനുഗ്രഹിച്ചു നിർത്തിയിരിക്കുന്നത് ഈ ദേശത്തും.

ദൈവം അനുഗ്രഹിച്ചു നിർത്തിയിരിക്കുന്ന ദേശം എന്ന പദപ്രയോഗത്തിലെ ഹാസ്യം ആസ്വദിച്ചതു പോലെ ആൽബർട്ട് ചിരിച്ചു. അപ്പോൾ, അങ്കിൾ നോർത്തിന്ത്യയിൽ പോയത് ദൈവഹിത പ്രകാരമല്ലായിരുന്നുവോ..?

ആൽബർട്ട്.., ജീവിതത്തിന്റെ തത്വശാസ്ത്രം വിശദീകരിക്കുവാൻ പോകുന്നുവെന്ന സംജ്ഞ ആ വിളിയിലുണ്ടായിരുന്നു. ഒരു ദേശത്ത് ദൈവം ഒരാളെ ചിലപ്പോൾ അയക്കുന്നത് കട്ടകൾ ഉടയ്ക്കുവാൻ മാത്രമായിരിക്കും. ചിലപ്പോൾ ഉഴുതു മറിക്കുവാൻ, ചിലപ്പോൾ ഞാറ് നടുവാൻ.., ചിലപ്പോൾ നനയ്ക്കുവാൻ..., മറ്റു ചിലപ്പോൾ കൊയ്യുവാൻ. പക്ഷേ ഇതെല്ലാം ഒരാളിൽ മാത്രം എൽപ്പിക്കപ്പെടുന്ന സാഹചര്യങ്ങളുമുണ്ട്. ഇപ്പോൾ ആൽബർട്ടിനെ തന്നെ എടുത്താൽ, ആ ദേശത്ത്, എന്താ അതിന്റെ പേര്..ആ.. നീലമുടി. അവിടെ ഇനി ദൈവം അയക്കുന്ന ആർക്കും വളരെ വേഗം സുവിശേഷീകരണത്തിന്റെ ബാക്കി കാര്യങ്ങൾ അനായാസം ചെയ്യുവാൻ കഴിയും. ആൽബർട്ട്...നീ ആ ദേശത്തിലെ കട്ടകളെ ഉടച്ച്, ഉഴുതു മറിച്ച് ഞാറും നട്ടു കഴിഞ്ഞു...ഇനി മറ്റൊരാളിലൂടെയാവും തുടർന്നുള്ള കാര്യങ്ങൾ ദൈവം ചെയ്തെടുക്കുന്നത്. അതുവരെയില്ലാത്ത സന്ദേഹത്തിലേക്കാണ് ആ വാക്കുകൾ തന്നെ കൊണ്ടെത്തിക്കുന്നതെന്ന് ആൽബർട്ട് അപ്പോൾ തിരിച്ചറിയുന്നുണ്ടായിരുന്നു. അതുകൊണ്ട് തന്നെ അയാൾ പെട്ടന്ന് വിഷയം മാറ്റി.

അങ്കിൾ, ഗൾഫിലേക്കുള്ള ആ ഓഫർ എനിക്ക് സ്വീകാര്യമാണ്. എന്തൊക്കെയാ അതിന്റെ ഫോർമാലിറ്റീസ്. അതറിയാനും കൂടിയാ ഞാൻ വന്നത്. കാര്യം സാധിച്ചെടുത്തവനെ പോലെ പാസ്റ്റർ ചിരിക്കുന്നു. സ്തോത്രം കർത്താവേ... മുകളിലേക്ക് നന്ദിയോടെ പാസ്റ്റർ നോക്കുന്നു. ആൽബീ...അതിന് വലിയ ഫോർമാലിറ്റീസ് ഒന്നുമില്ല. ദുബായിലുള്ള നമ്മുടെ ചെറിയാൻ ബ്രദർ, ആൽബർട്ടിന് അവിടെ ജോലി ശരിയാക്കും. ജോലിയോടൊപ്പം സുവിശേഷീകരണവും നടത്താം. എത്രയോ പേരാ അങ്ങനെ ദൈവഹിതം ചെയ്തു കൊണ്ടാ മരുഭൂമിയിൽ കഴിയുന്നതെന്നോ....?

എത്ര അറബികളേയും ഷെയ്ക്കുമാരേയും അവരൊക്കെ ദൈവസന്നിധിയിലേക്ക് കൊണ്ടു വന്നതെന്ന് ചോദിക്കുവാൻ ആൽബർട്ടിന്റെ നാവ് പൊന്തിയതാണ്. അത് ക്രൂരമായ പരിഹാസമാകുമെന്നറിഞ്ഞ് അയാൾ മൗനം പുണ്ടു. അല്ലെങ്കിൽ തന്നെ സുവിശേഷവേലയുമായി ഗൾഫ് രാജ്യങ്ങളിലേക്ക് പോകുന്ന എല്ലാവർക്കും രഹസ്യമായ നിരവധി താൽപര്യങ്ങൾ കാണാം. അവിടെയുള്ള ക്രിസ്ത്യാനികളോട് സ്വന്തം നാട്ടുകാർക്ക് ആത്മീയവർദ്ധനവ് നൽകി പാലിക്കുന്നത് സുവിശേഷീകരണമാണെങ്കിൽ, അങ്ങനെ പോകുന്ന വർക്കാണ് ആദ്യം മാ

05

**ചോദ്യോത്തര വേദി**

# ചിത്രങ്ങളും രൂപങ്ങളും കൊത്തുപണികളും നിർമ്മിക്കുന്നത് പാപമോ?



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** ഞാനൊരു കലാകാരനാണ്. ചിത്രം വരയ്ക്കലാണ് പണി. ഞാനൊരു വിശ്വാസിയാണ്. എന്റെ വീടിന് ചുറ്റുമുള്ള മതിലിൽ യേശുവിന്റെ കാലിത്തൊഴുത്തിലെ ജനനം, ജോർദ്ദാൻ നദിയിലെ സ്നാനം, രോഗികളെ സുഖപ്പെടുത്തൽ, മരിച്ചവരെ ഉയിർപ്പിക്കൽ, അന്ത്യ അത്താഴം, കുരിശു ചുമക്കൽ, കുരിശുമരണം, സ്വർഗ്ഗാരോഹണം എന്നിവ വരച്ച് കർത്താവിനെ മഹത്വപ്പെടുത്താൻ ആഗ്രഹിക്കുന്നു. വചനം മതിലേൽ എഴുതി വെച്ചാൽ മതിയെന്ന് വേറൊരു വിശ്വാസി ഉപദേശിക്കുന്നു. വരയ്ക്കുന്നത് പാപമാണോ? എഴുതുന്നത് മാത്രമാണോ ശരിയായ പ്രവർത്തി? – **എം. വി. ഫിലിപ്പ്, വീയപുരം**

**ഉത്തരം:** എഴുത്തുകാരൻ എഴുത്തിലൂടെ ഒരു സത്യം വെളിപ്പെടുത്തുന്നു. നാടകകൃത്ത് നാടകത്തിലൂടെ ഈ സത്യം വെളിപ്പെടുത്തുന്നു. കവി കവിതയിലൂടെ ഇത് സാദ്ധ്യമാക്കും. കാർട്ടൂണിസ്റ്റ് തന്റെ കാർട്ടൂണിലൂടെ ഇത് അവതരിപ്പിക്കും. ചിത്രകാരൻ ചിത്രങ്ങളിലൂടെ ഇവ ചിത്രീകരിക്കും. ഒരു ശില്പി തന്റെ ശില്പങ്ങളിലൂടെ ഇതേ സത്യങ്ങൾ വെളിപ്പെടുത്തുന്നു. ഒരേ സത്യത്തിന്റെ വിവിധ രൂപങ്ങളിലും ഭാവങ്ങളിലുമുള്ള വിവരണങ്ങളാണിവ. ഇതിൽ എഴുത്തുകാരന്റെ വൈഭവം ഒഴിച്ചുള്ളതെല്ലാം പാപമാകുന്നതെങ്ങനെ?

ഈ പ്രപഞ്ചത്തെ മഹത്തായ രീതിയിൽ സൃഷ്ടിച്ച് ക്രമീകരിച്ചിരിക്കുന്ന ദൈവം തന്നെയാണ് ഏറ്റവും വലിയ കലാകാരൻ. കലാകാരനായ ദൈവമാണ് മനുഷ്യർക്ക് കലാവൈദഗ്ദ്യം നല്കുന്നത്. ഉദാഹരണത്തിന്, കർത്താവ് മോശെയോട് അരുളിചെയ്തു. "ഞാൻ **ബെസലേലിനെ** ദിവ്യാത്മാവിനാൽ ജ്ഞാനവും ബുദ്ധിയും അറിവും സകലവിധ സാമർത്ഥ്യവുംകൊണ്ട് നിറച്ചിരിക്കുന്നു. കൗശലപ്പണികൾ സങ്കല്പിച്ചു ചെയ്യുവാനും പൊന്ന്, വെള്ളി, താമ്രം എന്നിവ കൊണ്ടു പണി ചെയ്യുവാനും രത്നം വെട്ടിപ്പതിക്കുവാനും മരത്തിൽ കൊത്തുപണി ചെയ്യുവാനും സകലവിധമായ പണിത്തരങ്ങൾ ഉണ്ടാക്കുവാനും തന്നെ" (പുറപ്പാട് 31:1-5). ഒരു കലാകാരന് ജന്മം നൽകുന്നതും കലാവാസന നൽകുന്നതും ദൈവം തന്നെയാണ്. അതിനാൽ കലാവാസനയുണ്ടാകുന്നത് ദൈവാനുഗ്രഹമാണ്. എന്നാൽ കലാരൂപങ്ങളെ ആരാധിക്കുന്നത് വിഗ്രഹാരാധനയാണ്. എന്നാൽ **വായിച്ച് ഗ്രഹിക്കുവാൻ കഴിവില്ലാത്ത ബലഹീന വിശ്വാസികൾക്ക്,** ചില സുവിശേഷ സംഭവങ്ങൾ അനുസ്മരിക്കുന്നതിന് ചില കലാരൂപങ്ങൾ ഉതകുന്നുവെങ്കിൽ അവ നല്ലതാണ്. കാരണം, രൂപങ്ങളും ചിത്രങ്ങളും എന്തു സൂചിപ്പിക്കുന്നുവോ ആ സംഭവങ്ങളിലേക്ക് അവരുടെ ശ്രദ്ധ തിരിക്കാൻ അവരെ സഹായിക്കുന്നു.

പ്രതിമയോ രൂപങ്ങളോ ഉണ്ടാക്കരുതെന്ന് കല്പിച്ച അതേ ദൈവം തന്നെ അവ ഉണ്ടാക്കാൻ കല്പിക്കുന്നത് ശ്രദ്ധിക്കുക. "ശുദ്ധി ചെയ്ത സ്വർണ്ണം കൊണ്ട് ഒരു കൃപാസനം നിർമ്മിക്കണം....കൃപാസനത്തിന് രണ്ടറ്റത്തുമായി അടിച്ചുപരത്തിയ സ്വർണ്ണംകൊണ്ട് രണ്ടു കെരൂബുകളെ നിർമ്മിക്കണം....കെരൂബുകളുടെ നടുവിൽ നിന്ന് **ഞാൻ** നിന്നോടു സംസാരിക്കും. ഇസ്രായേലിനു വേണ്ടിയുള്ള **എന്റെ കല്പനകളെല്ലാം ഞാൻ** നിന്നെ അറിയിക്കും" (പുറപ്പാട് 25:17-22).

യെരുശലേം ദൈവാലയത്തിൽ ധാരാളം രൂപങ്ങൾ ഉണ്ടാക്കിവയ്ക്കാൻ കല്പിച്ചതു ശ്രദ്ധിക്കുക (1രാജാക്കന്മാർ 6:23-24; 7:29; 7:36). സത്യദൈവാരാധനയ്ക്കായി നിർമ്മിച്ച **അന്നത്തെ ഏക** ദൈവാലയത്തിൽ ധാരാളം രൂപങ്ങൾ ഉണ്ടാക്കിയിട്ടും **വിഗ്രഹാരാധനയോ ദൈവപ്രമാണ ലംഘനമോ ആയില്ലെന്ന സത്യം നാം കാണാതെ പോകരുത്.** ദൈവത്തിന്റെ കല്പന അനുസരിച്ച് മോശെ ഉണ്ടാക്കിയ പിച്ചള സർപ്പത്തെ യിസ്രായേൽ ജനം ബഹുമാനപുരസരം ധൂപം കാട്ടിയിരുന്നു. ദൈവത്തിന്റെ ശക്തരായ പ്രവാചകന്മാരായിരുന്ന ഏലിയാവിന്റെ കാലത്തും ഏലീശയുടെ കാലത്തും ഈ ധൂപം കാട്ടൽ തുടർന്നിരുന്നു. അവരാരും ഇതിനെതിരെ ശബ്ദിച്ചില്ല. പിച്ചളസർപ്പത്തിന്റെ ചരിത്ര ഓർമ്മയ്ക്ക്, വചനത്തിനേക്കാൾ പ്രാധാന്യം വന്നപ്പോൾ, ആരാധനയുടെ ഭാവത്തിലേക്ക് മാറിയപ്പോൾ ഹിസ്ക്കിയാവ് രാജാവ് അത് ഉടച്ചുകളഞ്ഞു (2 രാജാ. 18:4).

രൂപങ്ങൾ ഉണ്ടാക്കുന്നതോ വയ്ക്കുന്നതോ തെറ്റല്ല. എന്നാൽ ഉണ്ടാക്കിയതിനെ ആരാധിക്കുന്നതാണ് വിഗ്രഹാരാധന. "നാം ദൈവത്തിന്റെ സന്താനങ്ങളാകയാൽ മനുഷ്യന്റെ ഭാവനയും ശില്പവിദ്യയും ചേർന്ന് സ്വർണ്ണത്തിലും വെള്ളിയിലും കല്ലിലും കൊത്തിയെടുക്കുന്ന പ്രതിമപോലെയാണ് ദൈവരൂപമെന്ന് വിചാരിക്കരുത്" (അപ്പൊ. പ്രവ. 17:29). "അവർ അനശ്വരനായ ദൈവത്തിന്റെ മഹത്വം നശ്വരനായ മനുഷ്യന്റെയോ പക്ഷികളുടെയോ മൃഗങ്ങളുടെയോ ഇഴജന്തുക്കളുടെയോ സാദൃശ്യമുള്ള വിഗ്രഹങ്ങൾക്ക് കൈമാറി" (റോമ. 1:23)...."അവർ സൃഷ്ടിയെ ആരാധിക്കുകയും സേവിക്കുകയും ചെയ്തു" (റോമ. 1:25). വിഗ്രഹങ്ങളെ ദൈവമായി പ്രതിഷ്ഠിച്ച് ആരാധിക്കുന്നതാണ് വിഗ്രഹാരാധന. കർത്താവു മോശെയോടു അരുളിചെയ്തു: "നിങ്ങൾ വെള്ളി കൊണ്ടും സ്വർണ്ണംകൊണ്ടും ദേവന്മാരെ ഉണ്ടാക്കരുത്" (പുറപ്പാട് 20:23).

പഴയനിയമത്തിലെ ദൈവത്തിനു രൂപമില്ല. "ഹോരെബിൽ വച്ച് അഗ്നിയുടെ മദ്ധ്യത്തിൽ നിന്നു കർത്താവു നിങ്ങളോടു സംസാരിച്ച ദിവസം നിങ്ങൾ **ഒരു രൂപവും കണ്ടില്ലല്ലോ'** (ആവർത്തനം 4:15). എന്നാൽ, പുതിയനിയമത്തിൽ ദൈവം മനുഷ്യനായപ്പോൾ ദൈവപുത്രന് മനുഷ്യന്റെ രൂപമുണ്ടായി. അപ്പോൾ **ദൈവത്തെ മനുഷ്യർ കണ്ടു.** 'ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു' (1യോഹ 1:1). അതിനാൽ പുതിയനിയമത്തിൽ വരയ്ക്കുന്നതും, ഫോട്ടോ സൂക്ഷിക്കുന്നതും രൂപങ്ങളുണ്ടാക്കുന്നതും തെറ്റല്ല. എന്നാൽ, ഒരു കാരണവശാലും ഇവയൊന്നും ആരാധിക്കപ്പെടാൻ പാടില്ല.

പ്രതീകങ്ങളും അടയാളങ്ങളുമില്ലാതെ എല്ലാം ഗ്രഹിക്കാൻ എല്ലാ വിശ്വാസികൾക്കും കഴിയുന്നെങ്കിൽ വളരെ നല്ലത്. എന്നാൽ ഇവ ഉപയോഗിക്കുന്ന വിശ്വാസികളെ നിന്ദിക്കുന്നവർ, മനുഷ്യർക്ക് കലാപരമായ കഴിവുകൾ നൽകിയ ദൈവത്തെയാണ് പരിഹസിക്കുന്നത്. ദൈവത്തിന് ദൈവത്തിന്റെ സ്ഥാനവും കലാപരമായ വസ്തുക്കൾക്ക് അതിന്റെ സ്ഥാനവും നൽകിയാൽ വിഷയങ്ങളൊന്നുമില്ല.

ഫോട്ടോയേയും രൂപങ്ങളെയും ശക്തിയുക്തം എതിർക്കുന്നവർ ഗാന്ധിയുടെ ചിത്രമുള്ള ഇൻഡ്യൻ കറൻസികൾ വീട്ടിലോ, പോക്കറ്റിലോ സഭാഹാളിലോ സൂക്ഷിക്കാൻ പാടില്ല. നിരീശ്വരവാദിയായിരുന്ന, തത്വചിന്തകനായിരുന്ന വോൾട്ടയർ ക്രിസ്ത്യാനികളെ നിരീക്ഷിച്ചിട്ട് ഇപ്രകാരം പറഞ്ഞു: "ക്രിസ്ത്യാനികൾക്കിടയിൽ വ്യത്യസ്ത വിശ്വാസങ്ങൾ പുലർത്തുന്നവരും വിവിധ വിഭാഗങ്ങളിൽപെടുന്നവരുമുണ്ട്. എന്നാൽ പണത്തിന്റെ കാര്യം വരുമ്പോൾ അവരെല്ലാം **ഒരേ വിഭാഗത്തിൽപെടുന്നു; ഒരേ വിശ്വാസം പുലർത്തുന്നു".**

## 01 ഓസ്ട്രേലിയൻ ഇന്ത്യൻ...

ത്തിന് കർതൃമേശ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്

പാസ്റ്റർ ഏലിയാസ് ജോൺ +61 423804644 (പബ്ലിസിറ്റി ബോർഡ് ചെയർമാൻ), പാസ്റ്റർ പ്രകാശ് ജേക്കബ് +61 413347562, പാസ്റ്റർ സുനിൽ പണിക്കർ +61 430227436

## 01 പ്രതിസന്ധി സൃഷ്ടിക്കുന്ന...

കളെയും മരവിപ്പിച്ചിരിക്കുകയാണ്. ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് വികസന പദ്ധതി ആവിഷ്കരിക്കുന്ന അനവധി സംഘടനകൾ വിദേശധനസഹായം കൈപ്പറ്റുന്നവയാണ്. അവരുടെ റിപ്പോർട്ടുകൾ ഐ. ബി. സർക്കാരിന് കൈമാറിയിട്ടുണ്ട്. വിദേശസഹായം സ്വീകരിക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങൾ രാജ്യത്തിന്റെ ആഭ്യന്തര സമ്പത്ത് വളർച്ചയ്ക്ക് ഇടിവ് വരുത്തുന്നു എന്നാണ് നിരീക്ഷണം. അതുകൊണ്ടാണ് കള്ളപ്പണം നിയന്ത്രിക്കാനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കാനും സർക്കാർ പുതിയ നിയമനിർമ്മാണത്തിനു തയ്യാറാകുന്നത്.

വരവ് ചെലവ് കണക്കുകൾ ജനത്തെ അറിയിക്കുക. സുതാര്യമായ സാമ്പത്തിക മാനേജ്മെന്റ് ഇവ വളരെ പ്രധാനമാണ്. നിർബന്ധിത മതപരിവർത്തനം ക്രിമിനൽ കുറ്റമായി നിലനിൽക്കുന്ന രാജ്യത്ത് സാമൂഹിക - സേവനമേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകൾ ജാഗ്രത പുലർത്തേണ്ടതാണ്. ആയിരം സഭകൾ സ്ഥാപിച്ചുവെന്നും അഞ്ഞൂറ് പേരെ സ്നാനപ്പെടുത്തിയെന്നും വിടുവായിത്തം അടിക്കുമ്പോൾ അതുണ്ടാക്കുന്ന പ്രത്യാഘാതം ചിന്തിക്കേണ്ടതാണ്. മിഷൻ സംഘടനകൾ തങ്ങളുടെ ദൗത്യതന്ത്രങ്ങൾ രഹസ്യമായി സൂക്ഷിക്കുക. ആദിവാസി ഗോത്രമേഖലകളിൽ പ്രവർത്തിക്കുന്നവരും ബൈബിൾ പരിഭാഷകളിൽ ഏർപ്പെടുന്നവരും പൊതുധാരയിൽ ഇതൊക്കെ ചർച്ച ചെയ്യാതിരിക്കുക. നമ്മുടെ മിഷൻ ലീഡേഴ്സിനെയും സംഘടനകളെയും മീഡിയ നെറ്റുവർക്കിനെയും പിന്തുടരുന്ന മറ്റൊരു അന്വേഷണസംവിധാനമുണ്ടെന്ന് ഇനിയെങ്കിലും മനസ്സിലാക്കുക. ഘർ വാപസിയുടെയും മിഷനറി വിരുദ്ധ പ്രവർത്തനങ്ങളുടെയും പശ്ചാത്തലത്തിൽ നമ്മുടെ പ്രവർത്തനപരിപാടികളും പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. യഥാർത്ഥമായി ക്രിസ്തുവിനെക്കുറിച്ചുള്ള ദർശനം ലഭിക്കാത്തവരെ പബ്ലിസിറ്റിക്കു വേണ്ടി സ്നാനപ്പെടുത്തുന്നത് ഒഴിവാക്കുക. ക്രിസ്തുവിനെ തിരിച്ചറിയാതെ മെഗാ ഓഫറുകളിൽ കണ്ണുംനട്ട് സഭയിൽ വരുന്നവർ ഒരിക്കൽ തിരിച്ചുപോകുമെന്ന് തിരിച്ചറിയുക. സഭയ്ക്കകത്തുവന്നവരുടെ പദവി, സാമൂഹ്യപ്രശ്നങ്ങൾ ഇവ പരിഹരിക്കുക. സ്നാനപ്പെടുന്നവരുടെ കൈയിൽ നിന്നും സത്യവാങ്മൂലം വാങ്ങിക്കുക. തുടങ്ങിയ കാര്യങ്ങൾ ചിന്തിക്കാവുന്നതാണ്. ആനുകൂല്യം ലഭിക്കാൻ വേണ്ടി ക്രൂസേഡിൽ കൈപൊക്കുകയും സ്നാനപ്പെടുകയും ചെയ്യുന്ന "വിശ്വാസിതൊഴിലാളികളെ" ജാഗ്രതയോടെ നിരീക്ഷിക്കുക. ക്രൈസ്തവവൽക്കരണത്തിന്റെ പേരിൽ ഭാരതത്തിൽ നടത്തുന്ന എല്ലാത്തരത്തിലുമുള്ള വ്യാജപ്രചാരണങ്ങളും ഒഴിവാക്കുക.

## 01 ഒരു അത്ഭുത രക്ഷപ്പെടൽ...

ള്ളത്തിലൂടെ മാതാവ് ഒഴുകിയിരുന്നെങ്കിൽ വാഴപ്പാറയിലെ പ്രഷർ അക്വഡേറ്റിലാണ് (നീർപാലം) എത്തുന്നത്. ഇവിടെ അകപ്പെട്ടുപോയാൽ വെള്ളത്തിന്റെ ഒഴുക്ക് നിർത്തിവെച്ച് മാത്രമേ പുറത്തെടുക്കുവാൻ കഴിയുമായിരുന്നുള്ളൂ. അതിനു മുമ്പ് ദൈവം തന്റെ ദൂതന്മാരെ അയച്ച് തന്നെ വിടുവിച്ചുവെന്നാണ് മാതാവ് പറയുന്നത്.

കൊല്ലം തെന്മല റ്റി. പി. എം. സഭയിലെ അംഗമായ പൊന്നമ്മ മാതാവ് ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും ഏകയായി വിശ്വാസത്തിൽ വന്ന വ്യക്തിയാണ്. 15 വർഷത്തിലധികമായി ഈ സഭയിൽ ആരാധനയിൽ പങ്കെടുക്കുന്നു. സഭയിലെ എല്ലാവർക്കും മാതാവിനെപറ്റി നല്ല അഭിപ്രായമാണ്. തന്റെ കൊച്ചുമകൻ അയ്യപ്പനൊപ്പം ആര്യങ്കാവിൽ താമസിച്ചുവരികയായിരുന്നു. ശാരീരിക ക്ഷീണം കാരണം മകൾ സരോജിനി കരവൂരിലുള്ള വീട്ടിലേക്ക് കൊണ്ടുപോവുകയായിരുന്നു അതിനാൽ 1വർഷത്തിലധികമായി ഇപ്പോൾ ആരാധനയ്ക്ക് വരികയില്ലായിരുന്നു. എന്നാൽ അടിയുറച്ച വിശ്വാസിയാണ്.

പത്തനാപുരത്തു നിന്നു കൊച്ചുമകന്റെ ആര്യങ്കാവിലുള്ള വീട്ടിലേക്ക് പോകുന്നവഴി തെന്മല ഫെയ്ത്ത് ഹോമിൽ കയറി ശുശ്രൂഷകരെകണ്ട് പ്രാർത്ഥിച്ചതിന് നന്ദി അറിയിച്ചു. തന്നെ കർത്താവായ യേശുക്രിസ്തുവാണ് രക്ഷിച്ചത് എന്ന് പറഞ്ഞ് ദൈവത്തെ സ്തുതിച്ചുകൊണ്ട് തന്റെ സാക്ഷ്യം മറ്റുള്ളവരോട് പങ്ക് വെക്കുന്നു.



# ബിരുദദാന ശുശ്രൂഷ



ചെറുവക്കൽ: ന്യൂ ലൈഫ് തിയോളജിക്കൽ സെമിനാരിയുടെ 20–ാമത് ബിരുദദാന ഡിസംബർ 27ന് നടന്നു. റവ. ജോൺസൺ ഡാനിയേലിന്റെ അദ്ധ്യക്ഷതയിൽ റവ. ഡോ. ജയ്സൺ തോമസ് മുഖ്യസന്ദേശം നൽകി. പ്രസിഡന്റ് പാസ്റ്റർ ജോൺസൺ ഡാനിയേൽ പഠനം പൂർത്തിയാക്കിയ 88 വിദ്യാർത്ഥികൾക്ക് ബിരുദം നൽകി. ഡോ. പി. എസ്. പ്രിൻസ്, ഡോ. രാജു എം. തോമസ്, റവ. ഡോ. ജോയ് പി, റവ. ജെയിംസ് മാനുവേൽ, റവ. ക്രിസ്റ്റഫർ തമ്പി, ബെന്നി പി. ജോൺ എന്നിവർ പ്രസംഗിച്ചു. ന്യൂ ലൈഫ് മിനിസ്ട്രിയുടെ ചാരിറ്റി വിഭാഗത്തിന്റെ വകയായി 200 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായവും 10 തയ്യൽ മെഷീനും ഇളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വാളിയോട് ജേക്കബ് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ അഡ്വ. സാം കെ. ഡാനിയേലും വിതരണം ചെയ്തു.

# ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ സമാപിച്ചു



ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ
റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

പായിപ്പാട്: ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ സമാപിച്ചു. പാസ്റ്റർ തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. റവ. തോമസ് ഫിലിപ്പ്, ഡോ. അലക്സാണ്ടർ ഫിലിപ്പ്, ഡോ. ജെയ്സൺ തോമസ്, പാസ്റ്റർമാരായ ബി. വർഗീസ്, അജി ആന്റണി, കെ. ജെ. മാത്യു, പി. സി. ചെറിയാൻ, ഷാജി സി. ഡി., വി. സി. യോഹന്നാൻ, റെജി കെ. തോമസ്, സിസ്റ്റർ ജോയമ്മ വർഗീസ് എന്നിവർ പ്രസംഗിച്ചു. ഞാറാഴ്ച നടന്ന സംയുക്ത സഭായോഗത്തിൽ റവ. തോമസ് ഫിലിപ്പും അദ്ദേഹത്തോടൊപ്പം 20 സഹശുശ്രൂഷകന്മാരും കർത്തൃമേശ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## കല്ലുകടി

# ഇതിലാരാണ് യഥാർത്ഥ കള്ളന്മാർ

ദുരുപദേശം പ്രചരിപ്പിക്കുന്ന ന്യൂജനറേഷൻകാർക്കെതിരെ യാഥാസ്ഥിതിക പെന്തെക്കോസ്തുകാർ കടുത്ത നിലപാടാണ് എടുത്തിട്ടുള്ളത്. ഉപദേശ സംരക്ഷകരായ ചില പ്രസംഗകരും അത്തരം നിലപാടാണെടുത്തിട്ടുള്ളത്. ഒട്ടുമിക്ക പത്രങ്ങളും ദുരുപദേശകാർക്കെതിരെ ശക്തമായ നിലപാടോടെ രംഗത്ത് വന്നു. എന്നാൽ ഇതിനിടയിൽ ചില പ്രസംഗകരുടെ ഇരട്ടത്താപ്പ് വെളിയിലായിരിക്കുന്നു. കർത്തൃമേശ ആർക്കും എടുക്കാം എന്നും സ്നാനം നിർബന്ധം അല്ലെന്നും പഠിപ്പിക്കുന്ന സജിത്തും. യേശുവും ക്രിസ്തുവും രണ്ടാണെന്നു പഠിപ്പിക്കുന്ന റെയ്സനും, ശാപം മുറിക്കുകയും രോഗസൗഖ്യത്തിന്റെ പേരിൽ തട്ടിപ്പു നടത്തുന്ന ടിനുവുമൊക്കെ പെന്തെക്കോസ്തിന് അംഗീകരിക്കാൻ പറ്റാത്ത ഗണത്തിലാണെന്നാണ് യാഥാസ്ഥിതികരുടെ വാദം. ഈ ഗണത്തിൽ ഒത്തിരിയെണ്ണം വേറെയുമുണ്ട്. എന്നാൽ കൊട്ടാരക്കരക്കാരനെ വിളിച്ച് കൺവൻഷൻ നടത്തുന്ന യാഥാസ്ഥിതികരായ ചില ഉപദേശ സംരക്ഷകരുടെ കള്ളക്കളിയാണ് പുറത്തുവരുന്നത്. ഐ. പി. സി.യിലെ ചില സെന്റർ കൺവൻഷനുകളിലും ഈ ദുരുപദേശകന് വേദിയൊരുങ്ങി മാത്രമല്ല കൊട്ടാരക്കരയിലെ റ്റിന്റുമോന്റെ ആലയത്തിൽ ചെന്ന് വചനം വിളമ്പി കാശും വാങ്ങി പോകുന്ന ഒരു എറണാകുളംകാരനെക്കുറിച്ചും വാർത്ത പുറത്തായിരിക്കുന്നു.

പുറമെ ഉപദേശ സംരക്ഷകരെന്ന വാദം. അണിയറയിൽ അവർക്കു പിന്തുണ. ഇതാണ് ചില പ്രസംഗകരുടെ ഇപ്പോഴത്തെ നയം. കിട്ടുന്ന കവറിന്റെ കനമാണത്രെ ഇതിനെല്ലാം കാരണം. അപ്പോൾ യഥാർത്ഥ കള്ളൻ ആരാണ് ദുരുപദേശകരോ അതോ അതിന് കുട പിടിക്കുന്ന കപടമുഖമുള്ള പ്രസംഗകരോ?

**അടിക്കുറിപ്പ്:** നാണം കെട്ടും പണമുണ്ടാക്കിൽ നാണക്കേടതു മറച്ചിടും എന്നാണല്ലോ ചൊല്ല്.

## ലേഖനം

# "ഞാനോ വളരേണം, നീയോ കുറയേണം"



സാം പടിഞ്ഞാറക്കര, കാനഡാ

ഒരു കൺവൻഷൻ സീസൺ കൂടി കഴിഞ്ഞു. പല പ്രസംഗങ്ങളും ആത്മീക വർദ്ധനവ് ഉളവാക്കുന്നതും പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്നതായിരുന്നെങ്കിലും ചില പ്രസംഗങ്ങൾ കേട്ടാൽ "ഞാനോ വളരേണം നീയോ കുറയേണം" എന്നാണ് സാധാരണക്കാരന് തോന്നുന്നത്. മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും എല്ലാം അർപ്പിക്കാൻ യോഗ്യനായവൻ ക്രിസ്തു മാത്രമാണെന്ന് പാടുമ്പോഴും പറയുമ്പോഴും പല പ്രസംഗങ്ങളും സ്വയം പ്രശംസയ്ക്കായി മാറ്റിവെയ്ക്കുന്നത് വേദനാജനകമാണ്.

ദൈവാത്മാവിലുള്ള ശുശ്രൂഷയിൽ അത്ഭുതങ്ങളും വിടുതലുകളും രോഗസൗഖ്യങ്ങളും ഉണ്ട്. പക്ഷേ ഇന്ന് മറ്റുള്ളവരെ പ്രീതിപ്പെടുത്തുവാനും സാമ്പത്തിക നേട്ടത്തിനും സഭാ രാഷ്ട്രീയത്തിന്റെയും പിന്നാലെ പോയി ആത്മാവിന്റെ പ്രവർത്തനത്തെ തടുത്തു വെയ്ക്കുന്ന ഒരു പ്രവണത പല പെന്തെക്കോസ്ത് സഭകളിൽ കണ്ടുവരുന്നു.

മുൻ തലമുറകളിൽ "ഞാൻ വലുത് നീ ചെറുത്" എന്ന ചിന്താഗതി ഇല്ലായിരുന്നു. എന്നാൽ ഇന്ന് അതുമാറി കേരള രാഷ്ട്രീയത്തെക്കാളും നീചമായ സഭാരാഷ്ട്രീയം, വിശ്വാസത്യാഗം, അഭിവൃദ്ധിയുടെ മാത്രം സുവിശേഷം തുടങ്ങി ഞാനെന്ന ഭാവം വന്ന് ലൂസിഫറിനോളം എത്തുമ്പോൾ സഭകൾ മുരടിച്ചു പോകുന്നു. ഇതിനിടയിൽ വചനദാഹമുള്ള ഒരു കൂട്ടം ദൈവജനം ആരാധനയ്ക്കായും ദൈവവചനത്തിനായും പരക്കം പായുന്നു.

പണ്ടത്തെപ്പോലെ ഒരു ആത്മപകർച്ചയുടെ കാലം വരണമേയെന്ന് ദൈവജനങ്ങൾ ആത്മാർത്ഥതയോടെ പ്രാർത്ഥിക്കേണ്ട സമയമാണിത്. ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ച് അക്കരനാട് എത്തുവാൻ ദൈവമക്കൾ വ്യാപൃതരായിരിക്കണം.

എന്താണ് നമുക്ക് സംഭവിച്ചത്?? നമുക്കു പറ്റിയ പാളിച്ചകൾ തിരിച്ചറിഞ്ഞ് മടങ്ങി വരുവാൻ ഇനിയും സയമം അതിക്രമിച്ചിട്ടില്ല. നശ്വരവും വിശാലവുമായ വഴിയുള്ള ഈ ലോകത്തിലെ പണത്തിനും പ്രതാപത്തിനുംവേണ്ടി മാത്രം വിതുമ്പൽ കൊള്ളാതെ ഇടുക്കവും ഞെരുക്കവുമുള്ള വാതിലിൽ കൂടി കടന്ന് ശാശ്വതമായ ആ നാടിനെ ലക്ഷ്യമാക്കി ഓടാം. പരസ്പരം കുറ്റപ്പെടുത്താതെ നാം നമ്മെതന്നെ ശോധന ചെയ്ത് ക്രമപ്പെടുത്തി "അവൻ വളരേണം ഞാനോ കുറയേണം" എന്ന് യോഹന്നാൻ സ്നാപകൻ പറഞ്ഞതുപോലെ നമുക്കും ആയി തീരാം.

# ഐ.പി.സി. തിയോളജിക്കൽ സെമിനാരി ഗ്രാഡുവേഷൻ സർവീസ്



കോട്ടയം: ഐ.പി.സി. തിയോളജിക്കൽ സെമിനാരിയുടെ പന്ത്രണ്ടാമത് ഗ്രാഡുവേഷൻ നടത്തപ്പെട്ടു. ഗ്രാഡുവേഷനോടനുബന്ധിച്ചുള്ള സ്തോത്രശുശ്രൂഷയിൽ ഡോ. ജോർജ്ജ് ചെറിയാൻ (മിഷൻസ് ഇൻഡ്യാ) മുഖ്യ സന്ദേശം നല്കി.

സെമിനാരി പ്രിൻസിപ്പാൾ റവ. എബി പീറ്ററിന്റെ അദ്ധ്യക്ഷതയിൽ റവ. ഡോ.റ്റി.ജി.കോശി മുഖ്യന്ദേശം നൽകി. ഗ്രാഡുവേറ്റ് ചെയ്ത 41 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ റവ. എബി പീറ്റർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പാഠ്യവിഷയങ്ങളിലും വിവിധ പാഠ്യാനുബന്ധ മേഖലകളിലും ഉന്നതനിലവാരം പുലർത്തിയ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ അവാർഡുകൾ നൽകപ്പെട്ടു.

ഐ.പി.സി. എഡ്യുക്കേഷൻ ആൻഡ് വെൽഫയർ സൊസൈറ്റി വൈസ് പ്രസിഡന്റ് റവ. റ്റി. സി. കോശി ഗ്രാഡുവേറ്റ് ചെയ്ത വിദ്യാർത്ഥികളെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു.

വൈസ് പ്രസിഡന്റ് ബ്രദർ വർക്കി എബ്രഹാം കാച്ചാണത്തും ഡോ. മറിയാമ്മ സ്റ്റീഫനും സന്ദേശങ്ങൾ നൽകി. സെമിനാരിയുടെ വാർഷീക പതിപ്പ് (Together) ബ്രദർ വർക്കി എബ്രഹാം കാച്ചാണത്ത് പാസ്റ്റർ തോമസ് എബ്രഹാമിന് നൽകി പ്രകാശനം ചെയ്തു. ബ്രദർ ജോയി താനവേലിൽ, ബ്രദർ സജി പോൾ, പാസ്റ്റർ തോമസ് എബ്രഹാം, റവ. ജോസഫ് റ്റി. ജോർജ്ജ് ഐ.പി.സി. E.W.S (നോർത്ത് അമേരിക്ക) എന്നിവർ ആശംസാ സന്ദേശങ്ങൾ നല്കി.

# മനുഷ്യനെ രൂപാന്തരപ്പെടുത്തുന്നത് ദൈവവചനം: പാസ്റ്റർ ഫിലിപ്പ് പി. തോമസ്



അടൂർ: ഏതൊരു മനുഷ്യനെയും രൂപാന്തരപ്പെടുത്തുവാനുള്ള ശക്തി ദൈവത്തിന്റെ വചനത്തിനുമാത്രമാണെന്ന് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരളാ ഓക്സിലറി വൈസ് പ്രസിഡന്റും ഐപിസി സ്റ്റേറ്റ് സെക്രട്ടറിയുമായ പാസ്റ്റർ ഫിലിപ്പ് പി. തോമസ് പ്രസ്താവിച്ചു. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ കേരളാ ഓക്സിലറിയുടെ നേതൃസമ്മേളനത്തിൽ മുഖ്യ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. മനുഷ്യന്റെ ശാരീരികവും മാനസികവും ആത്മീകവുമായ മുറിവുകളെ കെട്ടുന്നത് ദൈവവചനമാണ്. ക്ഷുദ്രപ്രയോഗത്തിന്റെയും അധാർമ്മികതയുടെയും നഗരമായിരുന്ന എഫസോസിലെ മനുഷ്യരെ രൂപാന്തരപ്പെടുത്തിയത് പൗലോസിന്റെ പ്രസംഗങ്ങളാണ്. ഫിലിപ്യൻ കാരാഗൃഹത്തിൽ ആത്മഹത്യക്ക് ശ്രമിച്ച കാരാഗൃഹപ്രമാണിയെയും കുടുംബത്തെയും രക്ഷിച്ചതും ദൈവവചനമാണ്. മരണത്തിനപ്പുറം മനുഷ്യനു പ്രത്യാശ നൽകുന്നതും ധാർമ്മിക ജീവിതത്തിന് പ്രേരിപ്പിക്കുന്നതും ബൈബിളാണെന്നും അദ്ദേഹം കൂട്ടി ചേർത്തു.

അടൂർ മാർത്തോമാ യൂത്ത് സെന്ററിൽ വച്ച് ഫെബ്രുവരി 25,26 തീയതികളിൽ നടന്ന സമ്മേളനം കേരളാ ഓക്സിലറി പ്രസിഡന്റ് റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി റവ. ഡോക്ടർ മാത്യു വർക്കി നാഷണൽ വൈസ് പ്രസിഡന്റ് മിസസ് സ്റ്റാർലാ ലൂക്ക്, ബ്രദർ ജോർജ് ചെറിയാൻ, ബ്രദർ ജി. ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. പാറശാല മുതൽ കാസർകോട് വരെ കേരളത്തിലെ 140 ബ്രാഞ്ചുകളിൽ നിന്നുള്ള ഭാരവാഹികൾ സമ്മേളനത്തിൽ സംബന്ധിച്ചു.

03

# നോവൽ....

നസാന്തരത്തിന്റെ പാഠങ്ങൾ നൽ കേണ്ടത്; ചിലപ്പോൾ തനിക്കും. ആൽബർട്ട് പിന്നേയും ചിരിച്ചു. മൂന്നു ദിവസത്തെ സമയമാണ് ആൽബർട്ടി നോട് പാസ്റ്റർ ആവശ്യപ്പെട്ടത്. മൂന്നാലു ദിവസങ്ങൾക്കുള്ളിൽ തന്റെ ജീവിതത്തിലെ അടുത്ത ഘട്ടം ആരംഭിക്കുന്നു. മരവിപ്പു പടരുന്ന മനസ്സോടെയാണ് അയാൾ വീട്ടിലേക്കു തിരിച്ചു നടന്നത്. വീട്ടിലേക്ക് എത്താറായപ്പോൾ ഒരു പോലീസ് ജീപ്പ് ഗേറ്റ് കടന്ന് പുറത്തേക്ക് പോകുന്നത് ആൽബർട്ട് കണ്ടു. ഭയത്തോടെ സിറ്റൗട്ടിലേക്ക് ഓടിച്ചെന്നപ്പോൾ പരിഭ്രമത്തോടെ നിൽക്കുന്ന പപ്പായേയും മമ്മയേയുമാണ് അയാൾ കണ്ടത്.

(തുടരും)

# കുരുന്നുകൾക്ക് അഭയം അരുളുന്ന ബ്ലസ് ഫൗണ്ടേഷൻ

സ്റ്റാൻലി സാം റാന്നി



സന്തോഷും ശുഭവും ജോയിയുമെല്ലാം ഇന്ന് ബ്ലസ് ഫൗണ്ടേഷനിലെ അരുമകളാണ്. അവർ അവിടെ ചിത്രശലഭങ്ങളെപ്പോലെ പാറി നടക്കുന്നു. ചിരിയും കളിയും ഒപ്പം പഠനവും അവരുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ചിരിക്കുന്ന കുരുന്നു മുഖങ്ങൾക്ക് പിമ്പിലുള്ള കദനകഥ അറിയുന്നവർ ചുരുക്കം. ഇവരിൽ പലരും മാരകമായ രോഗത്തിനടിമകളാണ്. സമൂഹം ഇന്നും അറപ്പോടും വെറുപ്പോടും കാണുന്ന എയ്ഡ്സ് രോഗകാരണമായ വൈറസുകളുടെ വാഹകരാണവർ. എത്രനാൾ ജീവിച്ചിരിക്കും എന്നു വൈദ്യശാസ്ത്രത്തിനുപോലും പറയുവാൻ കഴിയാത്ത രോഗമാണിത്. ഈ കുരുന്നുകളുടെ ഈ അവസ്ഥക്കു കാരണം അവരുടെ മാതാപിതാക്കളുടെ ദുർന്നടപ്പത്രെ.

മുംബൈ; ലോകത്തിലെ മഹാനഗരങ്ങളിൽ ഒന്ന്. കേരളത്തിലെ ജനസംഖ്യയോളം വരുന്ന ജനങ്ങൾ. ഇന്ത്യയുടെ വാണിജ്യ തലസ്ഥാനമായ മുംബൈയിൽ വാണിഭലിസ്റ്റിൽ ശരീരവും ഉൾപ്പെടും. മുംബൈയിലെ ഏറ്റവും വലിയ ചുവന്ന തെരുവാണ് ഗ്രാന്റ് റോഡ്. ഭാൺഡൂപ്പിലെ സോണാപൂരും തൊട്ടുപിന്നാലെയുണ്ട്. മനുഷ്യന്റെ നൈമിഷിക കാമശമനം വരുത്തുന്നതിനായി ശരീരം വിൽക്കുന്ന ആയിരക്കണക്കിന് സ്ത്രീകളാണ് ഇവിടെ ഉള്ളത്. മിക്കവരും മാരകമായ ലൈംഗിക രോഗത്തിനും എയ്ഡ്സ് രോഗത്തിനും അടിമകൾ. ജഡിക സുഖം തേടിയെത്തുന്ന ആയിരങ്ങൾ മടങ്ങുന്നത് അവരറിയാതെ സ്വന്തമാക്കിയ ഇത്തരം രോഗങ്ങളുമായിട്ടാണ്. പലപ്പോഴും ഇതിനിരയായി മാറുന്നത് നിർദ്ദോഷികളായ ജീവിത പങ്കാളിയും ഒപ്പം അവരിലൂടെ



കുഞ്ഞുങ്ങളുമാണ്. ഉപേക്ഷിക്കപ്പെട്ട ധാരാളം കുഞ്ഞുങ്ങളെ ഈ മേഖലയിൽ കാണാം. മിക്കവാറും HIV ബാധിതർ. ആഹാരവും മരുന്നും കിടപ്പാടവുമില്ലാതെ മൃഗതുല്ല്യരായി ജീവിക്കുന്ന കുഞ്ഞുങ്ങൾ. ഒരു കണ്ണിനും ദയ തോന്നാതെ അവർ അവിടെ അവസാനിക്കുന്നു. സന്നദ്ധസംഘടനകളും സേവകരും അവർക്കാവും വിധം പ്രയത്നിക്കുന്നെങ്കിലും ഇതിനറുതി വരുത്താൻ കഴിഞ്ഞിട്ടില്ല.



ഇത് ജോയി. 4 വയസുള്ള, എപ്പോഴും ചിരിക്കുന്ന മുഖത്തിനുടമ. ബ്ലസ്സ് ഫൗണ്ടേഷനിലെ അരുമ. എല്ലാവരോടും പെട്ടെന്നിണങ്ങിചേരുന്ന ജോയി എന്ന ഈ കുഞ്ഞും എയ്ഡ്സ് രോഗിയുടെ മകനാണ്. Bhandup- ലെ സോണാപ്പൂരിൽ നിന്ന് കിട്ടിയതാണവനെ. ശരീരം വിറ്റു ജീവിക്കുന്ന സ്ത്രീയുടെ മകൻ. പിതാവാരെന്നറിയില്ല. HIV ബാധിതയായ മാതാവിന്റെ മകനായി ജനിച്ച ഇവൻ തനിക്ക് ബാധ്യതയാകുമെന്ന് കണ്ട് മാതാവ് അവനെ ഉപേക്ഷിച്ച് എവിടെയോ പോയി. മെലിഞ്ഞുണങ്ങി വികൃതനായ കുഞ്ഞ്. കുപ്പപെറുക്കി തിന്നു ജീവിച്ച് തെരുവിലുറങ്ങുന്ന അവന് പലവിധരോഗങ്ങൾക്ക് അടിമയായി മാറി. 2013 നവംബർ 5ന് അവനെ ബ്ലസിൽ എത്തിക്കുമ്പോൾ ജീവിച്ചിരിക്കുമോ എന്ന ആശങ്കയായിരുന്നു എല്ലാ മുഖങ്ങളിലും. മുമ്പിൽ നൽകിയ ആഹാരം കണ്ടപ്പോൾ അവന്റെ കണ്ണുകളിലെ ആർത്തി ആർക്കും തിരിച്ചറിയാമായിരുന്നു. ആ മൂന്നു വയസുകാരൻ കൃത്യമായ പരിചരണം മൂലം ജീവിതത്തിലേക്ക് പതിയെ നടന്നു കയറി. ഇന്നവൻ ബ്ലസ് ഫൗണ്ടേഷനിലെയും ബ്ലസ് ഫെലോഷിപ്പിലെയും എല്ലാവർക്കും ഓമനയാണ്. പേരിന്റെ അർത്ഥം പോലെ അവൻ സന്തോഷിച്ച് പാറി നടക്കുന്നു. ആ സന്തോഷം കാഴ്ചക്കാരിലേക്കും പകരുന്നു.

സന്തോഷ് എന്ന ആറ് വയസുകാരനാണ് ബ്ലസിലെ മറ്റൊരു അരുമ. ആരെയും ആകർഷിക്കുന്ന ചിരി. പനവേൽ റെയിൽവേ സ്റ്റേഷനു സമീപം ഒരു ചേരിയിലാണ് അവന്റെ മാതാപിതാക്കൾ താമസിച്ചിരുന്നത്. മൂന്നു വർഷങ്ങൾക്കു മുമ്പ് സന്തോഷിന്റെ പിതാവ് മരണമടഞ്ഞു. മരണത്തോടടുക്കുമ്പോഴാണ് താൻ എയ്ഡ്സ് രോഗിയാണെന്ന ഞെട്ടിക്കുന്ന സത്യം എല്ലാവരും അറിയുന്നത്. ഭർത്താവിന്റെ മരണശേഷം നടത്തിയ രക്ത പരിശോധനയിലാണ് തനിക്കും മകനും രോഗബാധയുണ്ടെന്ന യാഥാർത്ഥ്യം ആ സ്ത്രീ അറിയുന്നത്. ക്ഷയരോഗവും മഞ്ഞപ്പിത്തവും ബാധിച്ച ആ സ്ത്രീ ക്ഷീണിതയായി. തന്റെ മകനെ പുലർത്തുവാൻ നിവർത്തിയില്ലാതെ ഭാരപ്പെടുമ്പോഴാണ് ബ്ലസ്സ് പ്രവർത്തകരെ കണ്ടുമുട്ടുന്നത്. അങ്ങനെ സന്തോഷും ബ്ലസ്സ് ഫൗണ്ടേഷന്റെ ഭാഗമായി. മാതാവും നഷ്ടപ്പെട്ട സന്തോഷ് തികച്ചും അനാഥനാണ്.

ഇവിടെയുള്ള ഓരോ കുഞ്ഞുങ്ങൾക്കും പറയുവാനുള്ളത് ഇതിലും എത്രയോ കരളലയിക്കുന്ന കഥകൾ. എയ്ഡ്സ് രോഗികളെ അറപ്പോടും വെറുപ്പോടും കാണുന്ന സമൂഹത്തിൽ വ്യത്യസ്തരാകുകയാണ് ബ്ലസ് ഫൗണ്ടേഷൻ.

2009 ജൂലൈ 22 സുവിശേഷകരും സാമൂഹ്യ പ്രവർത്തകരുമായ പാസ്റ്റർ സുനിൽ അക്കരത്ത്, പാസ്റ്റർ റെജി തോമസ്, ഇവാ. പ്രകാശ് പി. കോശി, പാസ്റ്റർ സാംകുട്ടി മാത്യു, പാസ്റ്റർ ഫിലിപ്പ് എം. തോമസ്, ബ്രദർ രാജു പി. ജെ. തുടങ്ങിയവർക്ക് ദൈവം നൽകിയ നിയോഗത്തിൽ നിന്നാരംഭിച്ചതാണ് ഈ ദൗത്യം. പാസ്റ്റർ റെജി തോമസും സഹധർമ്മിണി മിനിയും കുഞ്ഞുങ്ങളും ബ്ലസ് ഫൗണ്ടേഷനിൽ താമസിച്ച് 20 കുട്ടികളെ സംരക്ഷിക്കുന്നു. അവരോടൊപ്പം ഒരു ഭവനത്തിൽ കഴിയുന്നു. ദൈവസ്നേഹത്തിന്റെ പ്രദർശനം ജീവിതത്തിലൂടെ കാട്ടിക്കൊടുക്കുന്നു. പുൾപിറ്റിൽ വെളിപ്പെടുത്തുവാൻ മാത്രമല്ല പ്രവർത്തിയിലും കാണിക്കുവാൻ കഴിഞ്ഞപ്പോൾ അതു ക്രിസ്തുവിന്റെ സ്നേഹത്താൽ നിറയപ്പെട്ട സാക്ഷ്യമായി മാറി.

പനവേലിനു സമീപം ആക്കുർളി എന്ന ഗ്രാമത്തിലെ ഇടുങ്ങിയ വാടക വീട്ടിൽ നിന്നും മാറിക്കൊടുക്കേണ്ടി വന്നതിനാൽ അടുത്ത് ചിപ്ളെ ഗ്രാമത്തിലെ വാടക വീട്ടിലാണ് ഇപ്പോൾ ബ്ലസ് ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്. ഇരുപതു കുഞ്ഞുങ്ങളും പാസ്റ്റർ റെജി തോമസും കുടുംബവും ഇടുക്കത്തിലാണ്. ഇവിടെ കഴിയുന്നത്. രോഗപ്രതിരോധ ശേഷി നഷ്ടപ്പെടുന്ന രോഗമായ HIV ബാധിത



രാണ് ഭൂരിപക്ഷവും. അതിനാൽ തന്നെ പലവിധ രോഗങ്ങളും അവരെ പെട്ടെന്ന് ബാധിക്കുന്നു. സുവിശേഷ വിരോധികളുടെ എതിർപ്പും ഇടക്കിടെ ഉയരുന്നു.

ദൈനംദിന ചിലവുകൾ സ്വമേധാദാനമായും ഫൗണ്ടേഷൻ അംഗങ്ങളുടെ സംഭാവനയായും ലഭിക്കുന്നു. ചില സമയങ്ങളിൽ ആഹാരത്തിനായും മറ്റും വലയുമ്പോൾ ഏലിയാവിന്റെ ദൈവത്തിന്റെ കരം അത്ഭുതകരമായി പ്രവർത്തിച്ചത് എത്രയോതവണകൾ. സ്കൂൾ ഫീസ്, വാടക, ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ ഭാരിച്ച ചെലവുകളാണ് ഓരോ ദിവസവുമുള്ളത്. ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രധാന ആവശ്യം സ്വന്തമായ സ്ഥലവും കെട്ടിടവുമാണ്. വാടകവീടുകൾ ലഭ്യമല്ലാത്തതും സുവിശേഷവിരോധികളുടടെ എതിർപ്പും പ്രശ്നമായി മാറിയിരിക്കുന്നു. ഈ അടിയന്തിര ഘട്ടത്തിൽ ഈ പ്രവർത്തനത്തിനായി സുമനസുക്കളായ വായനക്കാരുടെ വിലയേറിയ പ്രാർത്ഥനയും സഹായവും അഭ്യർത്ഥിക്കുന്നു.

പാസ്റ്റർ സാംകുട്ടി മാത്യു (പേട്രൺ), പാസ്റ്റർ റെജി തോമസ് (പ്രസിഡന്റ്), പാസ്റ്റർ സുനിൽ അക്കരത്ത് (ഡയറക്ടർ), ഇവാ. പ്രകാശ് പി. കോശി (സെക്രട്ടറി), പാസ്റ്റർ ഫിലിപ്പ് എം. തോമസ് (ട്രഷറർ), ബ്രദർ രാജു പി. ജെ. (മെമ്പർ) തുടങ്ങിയവർ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നു. സഹോദരന്മാരായ ലിബിൻ ചാക്കോ, സ്റ്റാൻലി സാം തുടങ്ങിയവർ സ്വമേധാ പ്രവർത്തകരായി ബ്ലസ്സ് ഫൗണ്ടേഷന്റെ സേവനങ്ങളിൽ പങ്കാളികളാകുന്നു.



പാസ്റ്റർ സാംകുട്ടി മാത്യു



പാസ്റ്റർ റെജി തോമസ്



പാസ്റ്റർ സുനിൽ അക്കരത്ത്



ഇവാ. പ്രകാശ് പി. കോശി



പാസ്റ്റർ ഫിലിപ്പ് എം. തോമസ്



ബ്രദർ രാജു പി. ജെ.

## BLESS FOUNDATION

P.O. Box: 14, Raw House No: 8
River View Raw Houses, Near Chiple Bridge
Chiple New Panvel, Maharashtra, Pin : 410 206

PH: 09594952722, 09833277538, 08108213271

Email: blessfoundation@ymail.com

(From abroad) Reji Thomas/ Prakash P. Koshy
A/c No. 67146726347, SBT, Panvel, Navi Mumbai

(From India) Bless Foundation, A/c No. 67146694971
SBT, Panvel, Navi Mumbai

Website: www.blessfoundation.com

# THE INDIA PENTECOSTAL CHURCH OF GOD HEBRON, KUMBANAD

# അഭ്യർത്ഥന

## ദൈവത്തിനു സ്തോത്രം!

കർത്താവിൽ പ്രിയ ദൈവദാസനും, സഭാംഗങ്ങൾക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനങ്ങൾ

നമ്മുടെ 91-ാമത് ജനറൽ കൺവൻഷൻ 2015 ജനുവരി 18 മുതൽ 25 വരെ വളരെ അനുഗ്രഹമായി കുമ്പനാട് ഹെബ്രോൻപുരത്ത് നടത്തുവാൻ കർത്താവ് കൃപചെയ്തു.

പലരും കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുവാനും, സ്നാനം ഏൽക്കുവാനും, അത്മാഭിഷേകം പ്രാപിക്കുവാനും, ദൈവവേലയ്ക്ക് തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാനും ഇടയായി. കൺവൻഷന്റെ ആദ്യദിവസം മുതൽ തന്നെ വലിയ ജനാവലി വന്നുകൊണ്ടിരുന്നു. ഞായറാഴ്ച നടന്ന തിരുവത്താഴ ശുശ്രൂഷയിൽ സംബന്ധിക്കുവാൻ എത്തിയ വിശ്വാസികളെ ഹെബ്രോൻപുരത്ത് ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. കുറഞ്ഞത് 10 ഏക്കർ സ്ഥലം ഹെബ്രോൻപുരത്തിനു ചുറ്റും ലഭിച്ചാൽ മാത്രമെ കൺവൻഷനുവേണ്ടി വരുന്ന ലക്ഷക്കണക്കിന് ജനങ്ങളെ ഉൾക്കൊള്ളുവാൻ സാധിക്കയുള്ളൂ.

നാം ഭക്ഷണശാലയ്ക്കായി വാങ്ങിയ 83 സെന്റിനോട് ചേർന്ന 1 ഏക്കർ 52 സെന്റ് സ്ഥലത്തിന് 65 ലക്ഷം രൂപ അഡ്വാൻസ് ആയി കൊടുക്കാൻ സാധിച്ചു. 3 കോടി 30 ലക്ഷം രൂപ ലഭിച്ചെങ്കിൽ മാത്രമെ 1 ഏക്കർ 52 സെന്റ് സ്ഥലത്തിന്റെ ബാക്കി വില കൊടുപ്പാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ കൺവൻഷനിൽ സംഭാവനയായും, വാഗ്ദാനമായും 72 ലക്ഷം രൂപ ലഭിച്ചു.

ഇനിയും 2 കോടി 58 ലക്ഷം രൂപ ഉണ്ടെങ്കിൽ മാത്രമെ ഈ വരുന്ന ഏപ്രിൽ മാസത്തിനകം അഡ്വാൻസുകൊടുത്ത സ്ഥലത്തിന്റെ ആധാരം എഴുതിക്കാനാവൂ. 2015 ജനുവരി 26-ാം തീയതി കൂടിയ ജനറൽ കൗൺസിൽ തീരുമാനമനുസരിച്ച് എല്ലാ റീജിയൻ എക്സിക്യൂട്ടീവിനെയും, കൗൺസിൽ മെമ്പേഴ്സിനെയും, എല്ലാ സ്റ്റേറ്റ് എക്സിക്യൂട്ടീവിനെയും, കൗൺസിൽ മെമ്പേഴ്സിനെയും എൻ. ആർ. ഐ. അംഗങ്ങളെയും വസ്തുവിനുവേണ്ടി പണം പിരിക്കുവാൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

കഴിഞ്ഞ കാലങ്ങളിലെ നിങ്ങളുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനും വളരെ നന്ദി.

വ്യക്തിപരമായി ആർക്കുവേണമെങ്കിലും ഈ വസ്തുവിനുവേണ്ടി സ്പോൺസർ ചെയ്യാവുന്നതാണ്. പ്രാപ്തിയുള്ള എല്ലാ കർത്തൃദാസന്മാരും സഭകളും ഓരോലക്ഷം രൂപ പിരിച്ച് ഇതിനുവേണ്ടി സംഭാവന ചെയ്യുവാൻ അപേക്ഷിക്കുന്നു. ബുദ്ധിമുട്ട് അനുഭവിക്കുന്ന കർത്തൃദാസന്മാരും സഭകളും തങ്ങളാൽ ആവോളം ഈ യത്നത്തെ സഹായിക്കണം.

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥലത്തിനുചുറ്റുമുള്ള സ്ഥലങ്ങൾ തരുവാൻ അയൽവാസികൾ ഒരുക്കമാണ്. പണം ലഭിക്കുന്നതിനനുസരിച്ച് ആ സ്ഥലങ്ങളും വാങ്ങുവാൻ കഴിയുമല്ലോ. ദൈവം നമ്മുടെ ഞെരുക്കങ്ങളെയും ബുദ്ധിമുട്ടുകളെയും മാറ്റിതരട്ടെ.

ഈ കത്ത് ലഭിച്ച് ചില ദിവസങ്ങൾക്കുള്ളിൽ ലഭ്യമായ തുകകൾ മണി ഓർഡർ, ചെക്കുകൾ, ഡ്രാഫ്റ്റുകൾ ഐ. പി. സി. ജനറൽ ട്രഷറാർ എന്ന പേരിൽ ഹെബ്രോൻപുരം, കുമ്പനാട് പി. ഒ., തിരുവല്ല, കേരളാ - 689 547 എന്ന വിലാസത്തിൽ അയച്ചുതന്നാലും.

നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഈ വിഷയത്തിന് പ്രതീക്ഷിച്ചുകൊണ്ട്,

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരന്മാർ,

പാസ്റ്റർ ജേക്കബ് ജോൺ
ജനറൽ പ്രസിഡന്റ്

പാസ്റ്റർ സാം ജോർജ്ജ്
ജനറൽ സെക്രട്ടറി ഇൻ ചാർജ്ജ്

പാസ്റ്റർ ഡോ. ബേബി വർഗീസ്
ജനറൽ വൈസ് പ്രസിഡന്റ്

ഡോ. ജോൺ ജോസഫ്
ജനറൽ ട്രഷറർ



# എക്സൽ വി.ബി. എസ്സ് പരിശീലനങ്ങൾ 2015

തിരുവല്ല: എക്സൽ വി.ബി.എസ് 2015 ഡയറക്ടേഴ്സ് പരിശീലനങ്ങൾക്കു വിവിധ ചർച്ചുകൾ നേതൃത്വം നൽകും. ഈ വർഷത്തെ പരിശീലനങ്ങളുടെ ക്രമീകരണങ്ങൾ താഴെ പറയുന്ന തീയതികളിൽ നടക്കുന്നു. നിങ്ങളുടെ സമീപത്തുള്ള ട്രെയിനിംഗ് ലിസ്റ്റ് നോക്കി മറക്കാതെ പങ്കെടുക്കുക. പൂക്കൾ (FLOWERS -Songs of songs 2:12) എന്നതാണ് ചിന്താവിഷയം. ഈ വർഷം 3500 ലധികം വിബി എസ്സുകളും 100 ലധികം പരിശീലനങ്ങളും നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ചിന്താവിഷയത്തെ അടിസ്ഥാനപ്പെടുത്തി മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട, എന്നീ ഭാഷകളിൽ ഉള്ള സിലബസുകൾ തയാറായി പാട്ടുകൾ, ഗെയിമുകൾ, അഭിനയഗാനങ്ങൾ, ബൈബിൾ ടിപ്സ്, ബൈബിൾ പാഠങ്ങൾ എന്നിവ തയാറായി. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും 3500 ൽ അധികം വി.ബി.എസ് കളും യുവജനക്യാമ്പുകളും നടക്കും.

ഫെബ്രുവരി 21 കാസർഗോഡ്, സി.എസ്സ്. ഐ ഹാൾ,കാഞ്ഞങ്ങാട്. ഫെബ്രുവരി 23 തളിപ്പറമ്പ്, ഹൈവെ ഇൻ, ഫെബ്രുവരി 24 കണ്ണൂർ, ബൈബിൾ ഭവൻ, മേലേചൊവ്വ, ഫെബ്രുവരി 25 പാലക്കാട് ടൗൺ എ. ജി. ചർച്ച്, ഫെബ്രുവരി 26 ചിറ്റൂർ , എ. ജി. ചർച്ച്, ഫെബ്രുവരി 28 മൂവാററുപ്പുഴ അൻസൺ, തൃശ്ശൂർ- കുന്നംകുളം, വയനാട്-മാനന്തവാടി ഹെബ്രോൻ ഹാൾ, മാർച്ച് 2 നിലമ്പൂർ- പാലുണ്ട ചർച്ച് ഓഫ് ഗോഡ്, മാർച്ച് 6 താമരശ്ശേരി, വ്യാപാര ഭവൻ , മാർച്ച് 7 കോഴിക്കോട്, പുതിയറ ചർച്ച് ഓഫ് ഗോഡ് മാർച്ച് 7 പുനലൂർ ടൗൺ എ. ജി. ചർച്ച്, അടൂർ എ.ജി ചർച്ച്, മാർച്ച് 11,12 തൃശ്ശൂർ-പറവട്ടാനി, ശാരോൻ ചർച്ച്, മാർച്ച് 12 വടക്കഞ്ചേരി, നെൻമാറ, മാർച്ച് 11 എറണാകുളം, പാലാരിവട്ടം ബഥേൽ എ.ജി ചർച്ച്, മാർച്ച് 12 തൊടുപുഴ മാർച്ച് 13 അടിമാലി, സി.ഡി.സി, ഒഴുവത്തടം, മാർച്ച് 9,10 കോട്ടയം, ഐ.പി.സി ഫിലദൽഫ്യ, കഞ്ഞിക്കുഴി. മാർച്ച് 14 ഗൂഡല്ലൂർ, അലെന്ത്യാ ഇൻഡ്യ മിഷൻ, മർത്തോമ നഗർ, മുണ്ടക്കയം എ. ജി. ചർച്ച്, മാർച്ച് 13,14 നെയ്യാറ്റിൻകര മുൻസിപ്പൽ ഹാൾ, മാർച്ച് 16, കാട്ടാക്കട, ക്രിസ്തു കൃപാശ്രമം. മാർച്ച് 16,17 തിരുവനന്തപുരം ന്യൂലൈഫ് ടൗൺ ചർച്ച്, മാർച്ച് 18 നെടുമങ്ങാട്, ആനാട്, സ്വർഗീയ കൂടാരം, മാർച്ച് 18 കൊല്ലം, വൈ.എം.സി.എ ഹാൾ, മാർച്ച് 19 അഞ്ചൽ എ. ജി. ചർച്ച്, മാർച്ച് 19 മാവേലിക്കര, മാർച്ച് 20 പത്തനാപുരം,ടൗൺ, മാർച്ച് 20,21 മാരാമൺ, മർത്തോമ റിട്രീറ്റ് സെന്റർ, മാർച്ച് 21 കുമളി ടൗൺ എ. ജി. ചർച്ച്, മാർച്ച് 23 എറണാകുളം, തോപ്പുംപടി ദൈവസഭ, മാർച്ച് 27-28 കളിയിക്കാവിള, ഇ.സി.ഐ ചർച്ച് ഹാൾ. മാർച്ച് 28, മലപ്പുറം, തിരൂർ,ടൗൺ ഏ.ജി ചർച്ച്, എന്നിവടങ്ങളിൽ പരിശീലനങ്ങൾ നടക്കും.

കേരളത്തിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടന്ന വി.ബി.എസ്സുകൾ, നേതൃത്വ പരിശീലനങ്ങൾ എന്നിവക്ക് അനിൽ ഇലന്തൂർ, ബിനു ജോസഫ് വടശ്ശേരിക്കര എന്നിവർ നേതൃത്വം നൽകും.

# നോർത്തേൻ ഹൈറേഞ്ച് ഡിസ്ട്രിക്റ്റ്
## പഞ്ചാബ് ജമ്മുകാശ്മീരിൽ ഏ.ജിക്ക് പുതിയ നേതൃത്വം


പാസ്റ്റർ പി.എ.പൊന്നച്ചൻ


പാസ്റ്റർ സജി വർഗ്ഗീസ്


പാസ്റ്റർ പ്രിൻസ് ഡേവിഡ്

ചണ്ടിഗഡ്: നോർത്തേൺ ഡിസ്ട്രിക്റ്റിന്റെ വിഭജനത്തെ തുടർന്ന് രൂപീകൃതമായ നോർത്ത് ഹൈറേഞ്ച് ഡിസ്ട്രിക്ടിന്റെ പ്രഥമ കോൺഫറൻസ് ഫെബ്രുവരി 17, 18 തീയതികളിൽ കത്തോലിക്ക് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പാസ്റ്റർ പാപ്പി മത്തായിയുടെ ആമുഖ പ്രസംഗത്തോടെ കോൺഫറൻസ് ആരംഭിച്ചു. ഏ.ജി. ജനറൽ സൂപ്രണ്ട് റവ. റോബർട്ട് ജയരാജ്, റവ. ഏബ്രഹാം തോമസ്, പാസ്റ്റർ ജോസഫ് ഗോഡ്സൻ എന്നിവർ വിവിധ സമ്മേളനങ്ങളിൽ പ്രസംഗിച്ചു.

പാസ്റ്റർമാരായ ജോസഫ് രാജൻ, പി.എ.പൊന്നച്ചൻ, ജോസ് ജോസഫ്, കെ. ക്രിസ്തുദാസ് എന്നിവർ സമ്മേളനങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു.

ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് പാസ്റ്റർ പി.എ. പൊന്നച്ചൻ (സൂപ്രണ്ട്), പാസ്റ്റർ ക്രിസ്തുദാസ് (അസ്സി.സൂപ്രണ്ട്), പാസ്റ്റർ സജി വർഗ്ഗീസ് (സെക്രട്ടറി), പാസ്റ്റർ പ്രിൻസ് ഡേവിഡ് (ട്രഷറാർ), പാസ്റ്റർ ബെറാക്കാത്തലാം (മെമ്പർ) ആയി തെരഞ്ഞെടുക്കപ്പെട്ടു.

സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ പി.എ.പൊന്നച്ചൻ പഞ്ചാബിൽ ഏ.ജി. യുടെ മിഷനറിമാരിൽ പ്രഥമനായി എത്തിയതു 24 വർഷം മുൻപാണ്. അദ്ദേഹം ജലന്തർ ഏ.ജി. സഭയുടെ ശുശ്രൂഷകനും നോർത്ത് സെൻട്രൽ സെക്ഷൻ പ്രസ്ബിറ്ററുമായി സേവനം അനുഷ്ഠിക്കുന്നു. തോന്നിയാമല ഏ.ജി സഭയുടെ അംഗവുമാണ്. പാസ്റ്റർ ക്രിസ്തു ദാസ്(അസ്സി. സൂപ്രണ്ട്) തിരുവനന്തപുരം ആരങ്കോട് ഏ.ജി. സഭാഗവും പഞ്ചാബിലെ ഭക്രാനങ്കൽ ഏ.ജി റിവൈവൽ ചർച്ചിന്റെ സ്ഥാപക ശുശ്രൂഷകനും സെന്റർ സെക്ഷൻ പ്രസ്ബിറ്ററുമായി പ്രവർത്തിക്കുന്നു. പാസ്റ്റർ സജി വർഗീസ് (സെക്രട്ടറി) നിലമ്പൂർ കരാലി സഭാഗവും ചണ്ടീഗഡിലെ മൊഹാലി ഏ. ജി. സഭയുടെ ശുശ്രൂഷകനുമാണ്.

പഞ്ചാബ്, ജമ്മു കാശ്മീർ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശമായ ചണ്ടീഗഡും നോർത്തേൻ ഹൈറേഞ്ച് ഡിസ്ട്രിക്ട് പരിധിയിൽ പെടുന്നതു.

# അടൂർ കൺവൻഷൻ സമാപിച്ചു


ഐ.പി.സി. അടൂർ വെസ്റ്റ് സെന്റർ കൺവൻഷനിൽ കർതൃമേശ ശുശ്രൂഷയ്ക്ക് പാസ്റ്റർ ബെഞ്ചമിൻ വർഗീസ് നേതൃത്വം നൽകുന്നു.

അടൂർ: ഐ.പി.സി. അടൂർ വെസ്റ്റ് സെന്റർ വാർഷീക കൺവൻഷൻ സമാപിച്ചു. ശൂരനാട് ശാലേം ഗ്രൗണ്ടിൽ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉത്ഘാടനം ചെയ്ത യോഗങ്ങളിൽ പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, ഫിലിപ്പ് പി. തോമസ്, ഡോ. ജോയി ജോസഫ്, റ്റി. ഡി. ബാബു, എന്നിവർ പ്രസംഗിച്ചു.

സമാപനദിനത്തിൽ സംയുക്ത ആരാധനയിൽ നടന്ന കർതൃമേശ ശുശ്രൂഷയ്ക്ക് പാസ്റ്റർ ബെഞ്ചമിൻ വർഗീസ് നേതൃത്വം നൽകി. ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ് സമാപനസന്ദേശം നൽകി. ശാലേം സിംഗേഴ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു.


## ബിലീവേഴ്സ് ജേണൽ പ്രയർ ലൈൻ

നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്കായി 24 മണിക്കൂറും പ്രയർ ഹെൽപ് ലൈൻ ആരംഭിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ താഴെ പറയുന്ന ടെലിഫോൺ നമ്പറുകളിലോ ഇ-മെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.

ഫോൺ: 9947743346, 9526602670, 9633004588

Email: beljournprayer@gmail.com


# ദുരുപദേശ ഖണ്ഡന സെമിനാർ

വെച്ചൂച്ചിറ: ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരി ഒരുക്കുന്ന ദുരുപദേശ ഖണ്ഡന സെമിനാർ ഏപ്രിൽ 14,15 തീയതികളിൽ വെച്ചൂച്ചിറ ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരി ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നു.

ഐ. പി. സി. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് സെമിനാർ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ അനിൽ കൊടിത്തോട്ടം, ഷെമീർ കൊല്ലം, ജെയ്സ് പാണ്ടനാട് എന്നിവർ ക്ലാസ്സുകൾ എടുക്കും. 'ക്ലാസ്സിക്കൽ പെന്തെക്കോസ്തിലിസവും നവപെന്തെക്കോസ്തും', 'ദുരുപദേശവും ബൈബിൾ വ്യാഖ്യാനവും', 'ദുരുപദേശങ്ങളും ന്യൂജനറേഷൻ ആത്മീകതയും', 'കൾട്ടുകൾ: സമീപനവും പ്രതികരണവും' എന്നീ വിഷയങ്ങളെ അധികരിച്ച് വിവിധ സെഷനുകളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് മുൻഗണന. ഫുഡ്, അക്കമഡേഷൻ എന്നിവ ക്രമീകരിക്കുന്നതാണ്.

# ചെറുവള്ളി കൺവൻഷൻ



ചെറുവള്ളി കൺവൻഷനിൽ സെമിനാരി പ്രിൻസിപ്പാൾ ഇൻചാർജ്ജ് പാസ്റ്റർ (ഡോ) സാബു പോൾ പ്രസംഗിക്കുന്നു

ചെറുവള്ളി: മന്ദമരുതി ബഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരിയുടെ ആഭിമുഖ്യത്തിൽ കണ്ണമ്പള്ളി സെക്ഷൻ സി.ഇ.എം.ന്റെ സഹകരണത്തോടെ ചെറുവള്ളി എസ്റ്റേറ്റിൽ 2015 ഫെബ്രുവരി 20, 21, 22 തീയതികളിൽ സുവിശേഷയോഗങ്ങൾ നടത്തപ്പെട്ടു. പാസ്റ്റർ (ഡോ) സാബു പോൾ (ബി.ഐ.റ്റി.എസ്. പ്രിൻസിപ്പാൾ ഇൻചാർജ്ജ്), പാസ്റ്റർ പ്രിൻസ് തോമസ് റാന്നി എന്നിവർ വചനശുശ്രൂഷ നിർവ്വഹിച്ചു. ശാരോൻ മെലഡീസ്, റാന്നി ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. പീസ് ഗോസ്പൽ മിനിസ്ട്രീസ് ഫിലിം പ്രദർശനം നടത്തി. പാസ്റ്റർമാരായ തോമസ് മാത്യു, തോമസ് സി. എം., പ്രിസ്റ്റ്ലി വർഗീസ്, സഹോദരന്മാരായ ആൽബർട്ട് ചെറിയാൻ, സുബി റോബിൻസൺ എന്നിവർ നേതൃത്വം നല്കി.

# വി. ബി. എസ്. നേതൃത്വ പരിശീലനം

കോട്ടയം: ബാംഗ്ലൂർ വി. ബി. എസ്. മിനിസ്ട്രീസിന്റെ നേതൃത്വ പരിശീലനം 2015 മാർച്ച് 17-ാംതീയതി ചൊവ്വാ രാവിലെ 9.30 മുതൽ 18-ാം തീയതി ബുധൻ ഉച്ചയ്ക്ക് 3.00 മണി വരെ മാങ്ങാനം ക്രൈസ്തവാശ്രമം, കോട്ടയത്തു വച്ച് നടത്തപ്പെടും. "സമ്പൂർണ്ണ വിജയം" എന്ന വിഷയത്തെ ആസ്പദമാക്കി പുതിയ പാട്ടുകൾ, ആക്ഷൻ, സ്കിറ്റുകൾ, ഗെയിം എന്നീ വിഷയങ്ങൾക്ക് പരിശീലനം നൽകുന്നു. മിസ്റ്റർ എൻ. ആൻഡ്രൂസ്, റവ. പാട്രിക്, മിസ്റ്റർ ജോൺ തോമസ്, കെ. സി. ചെറിയാൻ, പാസ്റ്റർ ബോവസ്, ശ്യാം കൃഷ്ണ, ഇവാ. ഇ. കെ. മത്തായി എന്നിവർ നേതൃത്വം നൽകും.

എറണാകുളം: വി. ബി. എസ്. മിനിസ്ട്രീസ് ബാംഗ്ലൂർ നേതൃത്വ പരിശീലനം 2015 മാർച്ച് 19-ാം തീയതി വ്യാഴം രാവിലെ 9.30 മുതൽ 4.00 മണിവരെ പാലാരിവട്ടം ജീസസ് കോൾസ് ഓഫീസിൽ വെച്ച് നടത്തപ്പെടും.

നിലമ്പൂർ: വി. ബി. എസ്. മിനിസ്ട്രീസ് ബാംഗ്ലൂർ നേതൃത്വ പരിശീലനം 2015 മാർച്ച് 21-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4.00 മണിവരെ നിലമ്പൂർ ടൗൺ ഐ. പി. സി. ചർച്ചിൽ വെച്ച് നടത്തപ്പെടും.

# പുസ്തക പ്രകാശനം



ബിനു ജോസഫ് വടശേരിക്കര എഴുതിയ 'നിങ്ങൾക്കും സാധ്യമാണ്' എന്ന പുസ്തകത്തിന്റെ 4-ാം പതിപ്പിന്റെ പ്രകാശനം റവ. ഡോ. ടി. ജെ. ശാമുവേൽ, ഡോ.സന്തോഷ് ജോണിൽ നിന്നും ഏററു വാങ്ങി നിർവഹിച്ചു.

# നിത്യതയിൽ



റവ. വി. സോളമൻ

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ സ്ഥാപകരിൽ ഒരാളായിരുന്ന പാസ്റ്റർ ജെ. വറുഗ്ഗീസ്(കൊച്ചുസാർ) എന്റെ മകൻ റവ. വി. സോളമൻ(78) അമേരിക്കയിൽ നിര്യാതനായി. പരേതൻ കവിയൂർ ആഞ്ഞിലിത്താനത്ത് തുണ്ടിപ്പറമ്പിൽ കുടുംബാംഗമാണ്. ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ്, ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്നിവയുടെ മുൻ സെക്രട്ടറിയാണ്. ശാരോൻ ഫെലോഷിപ്പ് ചർച്ച് ഓഫ് നോർത്ത് അമേരിക്കയുടെ ഗവേണിംഗ് ബോർഡ് മെമ്പർ ആയിരുന്നു. ശവസംസ്കാരം 28-ാം തീയതി ശനിയാഴ്ച അമേരിക്കയിലെ ഡിട്രോയിറ്റിൽ നടത്തി. ഭാര്യ:തങ്കമ്മ സോളമൻ, മക്കൾ: ലിഷ്ബ, ഷെറി, ജോയിസ്(എല്ലാവരും യു.എസ്.എ)



ശോശാമ്മ ഉമ്മൻ

മാന്നാർ: ചെന്നിത്തല തുമ്പാട്ടുവിള ബഥേലിൽ പരേതനായ കെ.ഒ. ഉമ്മന്റെ സഹധർമ്മിണി ശോശാമ്മ ഉമ്മൻ(80) ഫെബ്രുവരി 20-ന് വെള്ളിയാഴ്ച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം നടത്തി.

മക്കൾ: റ്റി.ഒ. ഉമ്മൻ (രാജു ഹൂസ്റ്റൺ, യു.എസ്. എ), റ്റി.ഒ. ജേക്കബ് (സണ്ണി ബഹറിൻ), റ്റി.ഒ. ജെയിംസ് (ദുബായ്), റ്റി.ഒ.ജോൺസൺ (യു.എസ്.എ), ജോളി ജോയ്സ്, റ്റി.ഒ. സജൻ(ദുബായ്). മരുമക്കൾ: ലിസി, മിനി, മോളമ്മ, ജോയ്സ് സാമുവേൽ, ജെയ്നി, ഡെയ്സി.



തങ്കച്ചൻ (വി. റ്റി. തോമസ് - 68)

ഡാളസ്: നെല്ലിമല ചെള്ളേത്ത് വലിയകാലായിൽ പരേതരായ വി. കെ. തോമസിന്റെയും അന്നമ്മയുടെയും മകൻ തങ്കച്ചൻ (വി. റ്റി. തോമസ് - 68) നിത്യതയിൽ. മാർച്ച് 2-ന് തിങ്കളാഴ്ച ഉച്ചക്ക് ഡാളസിൽ വെച്ചായിരുന്നു അന്ത്യം. മാർച്ച് 6-ന് വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് പൊതുദർശനവും, ശനിയാഴ്ച വൈകിട്ട് 1 മണിക്ക് സംസ്കാര ശുശ്രൂഷയും നോർത്ത് ഡാളസ് ചർച്ച് ഓഫ് ഗോഡ്, 1310 ലോറി ഡ്രൈവ്, റിച്ചാർഡ്സൺ, ടെക്സാസ് 75080 ൽ നടത്തി. ഭാര്യ: ഡെയ്സി കുമ്പനാട് മറ്റത്ത് കുടുംബാംഗമാണ്. മക്കൾ: പരേതനായ നോബിൾ, മേബിൾ, മരുമക്കൾ. സുനി, ബെറ്റ്സി.



ജിത്തു (24)

കുമ്പനാട്: നീരുവിളയിൽ ജോസ് - പൊന്നമ്മ ദമ്പതികളുടെ ഇളയമകൻ ജിത്തു (24) നിത്യതയിൽ. കുമ്പനാട് ഐ. പി. സി. ഹെബ്രോൻ സഭാംഗമാണ്. കോഴഞ്ചേരിക്ക് സമീപം കനാലിൽ വീണ് ഒഴുക്കിൽപെട്ട് മരണമടയുകയായിരുന്നു. എറണാകുളം ഗോദ്റേജ് കമ്പനിയിൽ ഉദ്യോഗസ്ഥനായിരുന്നു എം. ബി. എ. ബിരുദധാരിയായ ജിത്തു. സംസ്കാരം വൻജനാവലിയുടെ സാന്നിദ്ധ്യത്തിൽ ഹെബ്രോൻ സെമിത്തേരിയിൽ നടത്തി. സഹോദരൻ: ജെസ്സൻ

# ഡോക്ടറേറ്റ് ലഭിച്ചു



പാസ്റ്റർ സി.വി. വർഗീസ്

ചെങ്ങന്നൂർ: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ശുശ്രൂഷകൻ പെണ്ണുക്കര ചുട്ടിമലതടത്തിൽ പാസ്റ്റർ സി. വി. വർഗീസിന് സെറാംമ്പൂർ സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു. സഭാ ചരിത്രവിഭാഗത്തിൽ മതപരിവർത്തനവും ഇന്ത്യൻ ഭരണഘടനാവകാശങ്ങളും, ക്രിസ്തീയ മതപരിവർത്തനത്തോടുള്ള എതിർപ്പിന്റെ വെളിച്ചത്തിൽ ഒരു ചരിത്രപഠനം എന്ന വിഷയത്തിൽ ചെയ്ത ഗവേഷണത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. എൻ.ഐ.ബി.സി പായിപ്പാട്, ഗുഡ്ന്യൂസ് ഫോർ ഏഷ്യ ബൈബിൾ കോളേജ്, എച്ച്.ബി.സി കുമ്പനാട്, ഐ.ബി.സി കുമ്പനാട് എന്നീ സെമിനാരികളിൽ അദ്ധ്യാപകനായിരുന്നു. ഇപ്പോൾ കൊട്ടാരക്കര കേരള തിയോളജിക്കൽ സെമിനാരിയിൽ പൂർണ്ണസമയവും വേങ്ങൂർ എബനേസർ തിയോളജിക്കൽ സെമിനാരിയിൽ വിസിറ്റിങ് പ്രൊഫസറായും സേവനം ചെയ്യുന്നു. ഭാര്യ: ലാലി. മക്കൾ: ജബ്വേസ്, പ്രിസ്ക, പെഴ്സിസ.



ഇവാ. സാജൻ സി. ജേക്കബ്

ഇവാ. സാജൻ സി. ജേക്കബിന് മുസാഫറിലുള്ള ബി. ആർ അംബേദ്കർ ബിഹാർ യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യോളജിൽ ഡോക്ടറേറ്റ് ലഭിച്ചു. ഇവാലുവേറ്റിങ്ങ് & സിൻന്തൈസിങ്ങ് ക്രിയേറ്റീവ് ലീഡർഷിപ്പ് ഓഫ് പെന്തെക്കോസ്തൽസ് & ദയർ ഇൻഫ്ളുവൻസ് ഇൻ ഇന്ത്യൻ കമ്മ്യൂണിറ്റി എന്നതായിരുന്നു ഗവേഷണ വിഷയം. പഴഞ്ഞി ചീരൻ വീട്ടിൽ റിട്ട. എഞ്ചിനീയർ ശ്രീ. സി. യു. ജേക്കബിന്റെ മകനാണ്. ഐ. സി. പി. എഫിന്റെ നോർത്തേൺ റീജനൽ കോഡിനേറ്ററായും, കുന്നംകുളം യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ജനറൽ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. ഐ. പി. സി. മരത്തംകോട് സഭയിലെ അംഗമാണ്. ചൂണ്ടൽ ഗ്രാമ പഞ്ചായത്തിൽ ഹെഡ് അക്കൗണ്ടന്റായി ജോലി ചെയ്യുന്നു.

# പി. വൈ. പി. എ. വിദ്യാഭ്യാസ സഹായവിതരണം



കൊട്ടാരക്കര: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ പുത്രികാസംഘടനയായ പി. വൈ. പി. എ. സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സഹായവിതരണം നടത്തി. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ വിൽസൺ ശാമുവേൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് പാസ്റ്റർ ഷിബു ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി പാസ്റ്റർ സാബു ചാപ്രത്ത്, പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ്, പാസ്റ്റർ ഡാനിയേൽ ജോർജ്ജ്, പാസ്റ്റർ ജോൺ റിച്ചാർഡ്, ഡി. അലക്സാണ്ടർ, പാസ്റ്റർ എ.ഒ. തോമസ്കുട്ടി, പാസ്റ്റർ ജോർജ്ജ് രാജൻ, കുഞ്ഞച്ചൻ വാളകം, മാത്യു സാം, പാസ്റ്റർ തോമസ് മാത്യു, പാസ്റ്റർ ജെയിംസ് അലക്സാണ്ടർ, എ. ടി. ബോബൻ എന്നിവർ പ്രസംഗിച്ചു. കൊട്ടാരക്കര മേഖലയിൽ 100-ൽപ്പരം വിദ്യാർത്ഥികൾക്ക് ധനസഹായം ചെയ്തു. കൊട്ടാരക്കര മേഖലയും സംസ്ഥാന പി. വൈ. പി. എ. കമ്മറ്റിയും സംയുക്തമായി നേതൃത്വം നൽകി.

# കേരളാ തിയോളജിക്കൽ സെമിനാരി ഗ്രാഡുവേഷൻ



കൊട്ടാരക്കര: കേരളാ തിയോളജിക്കൽ സെമിനാരിയുടെ 13-ാമത് ഗ്രാഡുവേഷൻ ഫെബ്രുവരി 21ന് കെ. റ്റി. എസ്. ആഡിറ്റോറിയത്തിൽ നടന്നു. സെമിനാരി പ്രസിഡന്റ് കുഞ്ഞപ്പൻ സി. വർഗീസ് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ. ഡോ. മാത്യു സി. വർഗീസ് മുഖ്യ സന്ദേശം നൽകി. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സെമിനാരി പ്രസിഡന്റ് ഡോ. കുഞ്ഞപ്പൻ സി. വർഗീസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.കേരളാ തിയോളിക്കൽ സെമിനാരിക്ക് സെറാംപൂർ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

# സുവിശേഷ യോഗം

പ്രിസൺ ഗോസ്പൽ മിഷന്റെ നേതൃത്വത്തിൽ സുവിശേഷ യോഗങ്ങൾ 2015 ഫെബ്രുവരി 22,23,24 തീയതികളിൽ വൈകു.6.30-9 മണിവരെ കളമ്പൂർ കോട്ടപ്പുറം കവലയിൽ നടത്തപ്പെട്ടു. പിറവം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.സാബു കെ ജേക്കബ് ഉദ്ഘാടനം ചെയ്തു. pr: ബാബു ചെറിയാൻ ദൈവചനം സംസാരിക്കുകയും പ്രെയ്സ് വോയ്സ് സംഗീത ശുശ്രുഷ നിർവ്വഹിക്കുകയും ചെയ്തു.

പിസൺ ഗോസ്പൽ മിഷന്റെ നേതൃത്വത്തിൽ മുളന്തുരുത്തി കരവട്ടെക്കുരിശിന് സമീപം 2015 ഫെബ്രുവരി 28 മാർച്ച് 1 തീയതി 1 തീയതിളിൽ വൈകു.6.30-9 മണിവരെ നടന്നു. മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാജി ചക്രവർത്തി ഉദ്ഘാടനം ചെയ്യും pr: ബാബു ചെറിയാൻ ദൈവചനം സംസാരിക്കുകയും ഫ്രീഡം വോയ്സ് സംഗീത ശുശ്രുഷ നിർവ്വഹിക്കുകയും ചെയ്തു.

# പ്രവർത്തന ഉദ്ഘാടനം

തിരുവനന്തപുരം: തിരുവനന്തപുരം മേഖല പി.വൈ.പി.എയുടെ 2015-ലെ വിവിധബോർഡുകളുടെ പ്രവർത്തന ഉദ്ഘാടനം 2015 ഫെബ്രുവരി 17 ചൊവാഴ്ച്ച രാത്രി 9.00 മണിമുതൽ രാവിലെ 5 മണിവരെ പ്രെയർ ബോർഡിന്റെ നേതൃത്വത്തിൽ ആറാമട ഹെബ്രോൻ ചർച്ചിൽ നടന്ന മുഴുരാത്രി പ്രാർത്ഥനയിൽ ആറാമട സെന്റർ പാസ്റ്റർ വി.എ സണ്ണി അവറുകൾ നിർവ്വഹിച്ചു. പാസ്റ്റർ മനോജ് പോൾ പ്രസംഗിച്ചു വിവിധ വിഷയങ്ങൾക്കു വേണ്ടി പ്രെയർ കൺവീനർമാരുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയും ചെയ്തു.

# സെന്റർ കൺവെൻഷൻ

തിരുവനന്തപുരം: ഐ.പി.സി. തിരുവനന്തപുരം സൗത്ത് സെന്ററിന്റെ സെന്റർ കൺവെൻഷൻ 2015 ഫെബ്രുവരി 26,27,28 തീയതികളിൽ വൈകു.6 മണി മുതൽ 9.00 മണിവരെ വേട്ടിയംകര ഐ.പി.സി. സഭയുടെ നേതൃത്വത്തിൽ സെന്റർ പാസ്റ്റർ വൈ.റോബർട്ട് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ കെ.സി.തോമസ്, ഷിബു നെടുവേലിൽ, ജോൺസൺ ദാനിയേൽ, അജി ആന്റണി തുടങ്ങിയവർ ദൈവവചനം പ്രസംഗിച്ചു. മാർച്ച് 1 ഞായറാഴ്ച സംയുക്തസഭായോഗം, പുത്രികാസംഘടനകളുടെ സംയുക്ത വാർഷികം എന്നിവയും നടന്നു.

**Believers Journal**
**P.O.Box: 31**
Manjadi .P.O.,
Thiruvalla - 689 105
Kerala, India

**Email**
beljourn@gmail.com

***Website:***
www.beljourn.com
www.beljourn.in

V.B.S. മിനിസ്ട്രീസ് ബാംഗ്ലൂർ
VBS 2015
നേതൃത്വ പരിശീലന ക്യാമ്പ്

മാർച്ച് 10,1 മുൻസിപ്പൽ ടൗൺ ഹാൾ, റ്റി. ബി. ജംഗ്ഷൻ നെയ്യാറ്റിൻകര
മാർച്ച് 13,14 ക്രിസ്ത്യൻ ചർച്ച്, കുണ്ടറ, കൊല്ലം
മാർച്ച് 16 ഐ. പി. സി. ചർച്ച്, കുറുപ്പുന്തറ
മാർച്ച് 17,18 ക്രൈസ്തവാശ്രമം, മാങ്ങാനം, കോട്ടയം
മാർച്ച് 19 ജീസസ് കോൾസ് ഓഫീസ്, ജനതാ റോഡ് പാലാരിവട്ടം, എറണാകുളം
മാർച്ച് 21 ഐ. പി. സി. ടൗൺ ചർച്ച് നിലമ്പൂർ
മാർച്ച് 23 സി. ഡി. സി. തൃഗ്ലേരി, വയനാട്
മാർച്ച് 24,25 സി. ഡി. സി. കല്ലൂർ, വയനാട്
മാർച്ച് 27, 28 സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് മഞ്ഞാടി, തിരുവല്ല

V.B.S., ചിൽഡ്രൻസ് മിനിസ്ട്രി എന്നീ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ ബന്ധപ്പെടുക
Mob: 9847492796, 8281446453, 9961744322

ധ്യാനം

# ദൈവത്തിനു കീഴടങ്ങുവീൻ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

കീഴടങ്ങലും വിധേയപ്പെടലും ദുരഭിമാനത്തിന്റെ ഭാഗമായി വ്യാഖ്യാനിക്കപ്പെടുന്ന ഉത്തരാധുനിക ചിന്താ വ്യവഹാരങ്ങൾ ഒരു വലിയ ദുരന്തത്തിന്റെ മുന്നോടി ആണ്. ആരും ആർക്കും കീഴ്പ്പെടാൻ ആഗ്രഹിക്കാത്ത ഒരു പ്രവണതയാണ് എവിടെയും ദൃശ്യമാകുന്നത്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ ഇത് തീവ്രമായി ഈ കാലങ്ങളിൽ നിലനിൽക്കുന്നുണ്ട് എന്നത് വാസ്തവമാണെങ്കിലും ദൈവത്തിനു മുമ്പിലുള്ള മനുഷ്യന്റെ ഇത്തരം ധാർഷ്ട്യ സമീപനങ്ങൾ ഒരിക്കലും അംഗീകരിക്കാവതല്ല. സർവ്വാധികാരിയായ ദൈവത്തിന്റെ സവിധേ പോലും കീഴ്പെടാൻ മനസില്ലാത്ത കനത്ത കാഠിന്യം നമ്മെ പിടിമുറുക്കിയിരിക്കുന്നു. എല്ലാ കാലത്തും ദൈവത്തിനു കീഴടങ്ങി നിന്നുകൊണ്ടുള്ള ഒരു പ്രവർത്തന പദ്ധതിയാണ് വേദപുസ്തകം മുന്നോട്ടു വയ്ക്കുന്നത്. ദൈവീക ഭാഗത്ത് നിന്നും നമ്മുടെ പ്രവർത്തനങ്ങൾക്ക് മുകളിലുള്ള അംഗീകാരത്തിനായി ഒരുക്കപ്പെട്ട സംവിധാനമാണ് കീഴ്പ്പെടൽ. ദൈവത്തിൽ നിന്നുമുള്ള സകല ആനുകൂല്യങ്ങൾക്കും അടിസ്ഥാനം നമുക്കുള്ള കീഴ്പ്പെടാനുള്ള മനസാണ്!!!

അപ്പൊസ്തലൻ യാക്കോബിന്റെ ഒരു മുന്നറിയിപ്പാണ് "ദൈവത്തിനു കീഴടങ്ങുക" എന്നത് (യാക്കോബ് 4:7). നിഗളികളോട് ദൈവം എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്ക് അവിടുന്ന് കൃപ നൽകും എന്ന് പറഞ്ഞതിന് ശേഷമുള്ള പ്രസ്താവനയാണ് "ദൈവത്തിനു കീഴടങ്ങുവീൻ". ഇത്തരത്തിലുള്ള കീഴ്പ്പെടലിലൂടെയാണ് കൃപ പകരപ്പെടുന്നത് എന്നതാണ് യാക്കോബിന്റെ വാദം. താഴ്മയുടെ പ്രതികരണമാണ് കീഴ്പ്പെടൽ!!. കീഴ്പ്പെടലിലൂടെ പ്രതിഭലിക്കുന്ന താഴ്മ മുഖാന്തിരം ദൈവത്തിങ്കൽ നിന്നും പുറപ്പെടുന്നതാണ് കൃപ!! ഇങ്ങനെ പകരപ്പെടുന്ന കൃപയിലൂടെ പിശാചിനോട് എതിർത്ത് നിൽപ്പാനുള്ള കരുത്തു നാം ആർജ്ജിക്കുന്നത്. ദൈവത്തിനു കീഴടങ്ങുവീൻ – പിശാചിനോട് എതിർത്തു നിൽപീൻ എന്നതാണ് യാക്കോബിന്റെ സിദ്ധാന്തം! പിതാവായ ദൈവത്തിന്റെ ഇഷ്ടങ്ങൾക്ക് കീഴ്പെട്ടുകൊണ്ട് സ്വർഗ്ഗ മഹിമകളെ വെടിഞ്ഞിറങ്ങി വന്ന ക്രിസ്തുവിനെകുറിച്ചുള്ള സ്വർഗ്ഗീയ പരസ്യ പ്രസ്താവന "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നതായിരുന്നു എങ്കിൽ, തന്നെ അയച്ച പിതാവായ ദൈവത്തോടുള്ള പുത്രന്റെ വിധേയത്വവും അതിന്റെ അനുസരണവും ആണ് മരുഭൂമിയിലേക്ക് നടത്തപ്പെട്ട യേശുവിനു നേരെ പ്രലോഭനങ്ങളുമായി വശീകരിച്ചു കീഴ്പ്പെടുത്താൻ വന്ന പൈശാചിക തന്ത്രങ്ങളെ എതിർത്തു നിന്ന് തോൽപ്പിച്ചോടിക്കാൻ തുണയായത്. ദൈവത്തിനു കീഴടങ്ങുന്നവൻ പിശാചിനെ തോൽപ്പിക്കും! പിശാചിന്റെ കെട്ടുകളെ അറുക്കാൻ കത്തിയെടുക്കുന്നതിനും കോട്ടകളെ ഇടിക്കാൻ ഇറങ്ങി പുറപ്പെടുന്നതിനും മുമ്പ് നമ്മിൽ നിന്നു ഉണ്ടാകേണ്ടത് ദൈവത്തിനു കീഴടങ്ങാൻ ഉള്ള ദൈവവചനത്തിന്റെ അനുസരണമായിരിക്കണം!!

ക്രിസ്തു ശിഷ്യത്വത്തിന്റെ ബാലപാഠമാണ് ദൈവത്തിനു കീഴടങ്ങുക എന്നത്. എന്നാൽ ശിഷ്യത്വത്തിന്റെ പഴക്കം നമ്മിൽ രൂപപ്പെടുത്തുന്ന നിഗളഭാവങ്ങൾ ദൈവത്തിനു കീഴ്പെടാനുള്ള നമ്മുടെ ആത്മാവിന്റെ ഇഷ്ടങ്ങൾക്ക് തടസ്സമായി തീരാറുണ്ട്. ഇത്തരത്തിലുള്ള നമ്മുടെ ഉന്നത ഭാവങ്ങൾ ആത്മീക വീഴ്ചയിലേക്ക് നമ്മെ നയിക്കുന്ന സാത്താന്യ തന്ത്രങ്ങൾ ആണ് എന്ന് നാം അറിയാതിരിക്കരുത്. യേശു ചെയ്തതിലും അധികമായതു ചെയ്യാൻ അരയും തലയും മുറുക്കി ഇറങ്ങിയിരിക്കുന്ന ആധുനിക ആത്മീക പരിഷ്കർത്താക്കൾക്ക് കീഴടടങ്ങുക എന്ന വേദപുസ്തക പ്രയോഗം കേവലം ഭംഗി വാക്കായി മാറിയിരിക്കുന്നു. എവിടെയെങ്കിലും ഒക്കെ നമ്മിലൂടെ സംഭവിക്കുന്ന അത്ഭുതങ്ങളിലൂടെയോ വിടുതലുകളിലൂടെയോ നാം നമുക്ക് തന്നെ അതിമാനുഷരായി തോന്നുന്നു എങ്കിൽ ദൈവത്തിനു കീഴ്പ്പെടാനുള്ള നമ്മുടെ മനസില്ലായ്മയുടെ പ്രഥമപടി ആരംഭിച്ചു കഴിഞ്ഞു എന്ന് വേണം മനസിലാക്കുവാൻ. പിന്നീടങ്ങോട്ട് ശ്രോതാക്കളിൽ നിന്നും അണികളിൽ നിന്നും നമുക്ക് ലഭിക്കുന്ന കൈയ്യടിയും ആരവാരങ്ങളും നോട്ടുമാലകളും ഒക്കെ നമ്മിൽ സൃഷ്ടിക്കുന്ന അതിമഹാൻ എന്ന ഭാവവും സകലരിലും അല്പം മുകളിൽ ഞാൻ എന്ന പ്രമാണിത്വവും മറ്റും സാത്താന്യ ഒത്താശകൾ ആണെന്ന് കണ്ണ് മങ്ങുന്നതിനു മുമ്പെങ്കിലും നാം തിരിച്ചറിഞ്ഞാൽ നന്നായിരിക്കും!!

കീഴ്പ്പെടുന്നവനിലൂടെയാണ് ദൈവത്തിനു തന്റെ പ്രവർത്തികൾ നിർവ്വഹിക്കാൻ താല്പര്യമുള്ളത്. കഴിവുകളുടെ അടിസ്ഥാനത്തിൽ കാര്യാദികൾ ഭരമേൽപ്പിക്കുന്ന രീതിക്കപവാദമെന്നവണ്ണം ദൈവത്തിനു കീഴ്പ്പെടുന്നവനെ കൊണ്ട് ദൈവേഷ്ടം നിവർത്തിച്ചെടുക്കുന്ന രീതിയാണ് തിരുവചനത്തിൽ നിറഞ്ഞു നിൽക്കുന്നത്. തങ്ങളുടെ താലന്തുകൾകൊണ്ടും ഭരണ മികവുകൾ കൊണ്ടും ഉന്നത യോഗ്യതകൾകൊണ്ടും ലോകം കീഴ്മേൽ മറിക്കാനുള്ള ശുശ്രൂഷകളുടെ പദ്ധതികൾ തയ്യാറാക്കി അതിവേഗ വേലതികക്കൽ നയങ്ങളും അവയുടെ നടപടികളും ഒക്കെയായി കൃത്രിമ തിരക്കുകൾ സൃഷ്ടിച്ചുകൊണ്ട് പായുമ്പോൾ ദൈവത്തിനു കീഴടങ്ങുക എന്നതും ദൈവശബ്ദം കേൾക്കാൻ അൽപ്പം മാറി ഇരിക്കുക എന്നതും പഴഞ്ചൻ പരിപാടിയായി മാറിയിരിക്കുന്നു. ദൈവത്തിനു കീഴടങ്ങുവാൻ ഒരുവൻ തയ്യാറാകുമ്പോൾ ദൈവത്തിന്റെ ഇഷ്ടങ്ങളും തിരുവചനത്തിന്റെ കൽപ്പനകളും അനുസരിക്കേണ്ടതായും അവയെ പിന്തുടരേണ്ടാതായും വരും. അപ്പോൾ പിന്നെ സ്വയമായി രൂപപ്പെടുത്തിയെടുത്ത വെളിപ്പാടുകളും തിരുവചനത്തിനന്യമായ ശുശ്രൂഷകളും ഉപേക്ഷിക്കേണ്ടതായി വരും. അങ്ങനെ വരുമ്പോൾ ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ജനപിന്തുണയും ആവേശോജ്ജ്വല സ്വീകരണങ്ങളും വിരിച്ചൊരുക്കിയ വേദികളും കുറയാൻ ഇടയുണ്ട്. ദൈവത്തിനു കീഴ്പ്പെടുന്നവന് ലോകമെതിരാകാം!! ജനപിന്തുണ കുറയാം!! കൊടിപിടിക്കാൻ ആളില്ലെന്ന് വരാം!!! പക്ഷെ വചനാധിഷ്ഠിതമായ ഒരനിതരസാധാരണ ശുശ്രൂഷക്കായി ദൈവം ഉപയോഗിക്കും!! ദൈവത്തിനു കീഴടങ്ങുന്നവനെ ഏതു കാലത്തും ദൈവത്തിനാവശ്യമുണ്ട്. അവിടുത്തെ ഇഷ്ടങ്ങൾ നിവർത്തിക്കാൻ!!

11

## കണ്ടതും കേട്ടതും....

ഷകൻ പല തവണ പറയുന്നതു കേട്ടു, "ദുഃഖത്തിന്റെ 'കദന'ഭാരവുമായിരിക്കുന്ന കുടുംബാംഗങ്ങൾ". പോസ്റ്റ്തൂണെന്നു പറയുന്നതുപോലെ! അവിടെ പ്രസംഗിച്ചയാൾ പറഞ്ഞതുകേൾക്കണോ, "ഇതുപോലെയുള്ള'യുവമിഥുനങ്ങളാ'രെങ്കിലും ഇതു കേൾക്കുന്നുണ്ടെങ്കിൽ! (മരിച്ചയാൾ ഒരു കൗമാരക്കാരനാണ്). മിഥുനം എന്നതിന് 'ദമ്പതികൾ' (ഇണക്കിളികൾ) എന്നർത്ഥമുണ്ട്. യുവജനങ്ങൾ/യുവജനം എന്നതിനു 'ഡിഗ്രി' കൂട്ടിപ്പറഞ്ഞതാണ്. ആ യോഗത്തിന്റെ സമാപനത്തിൽ ഒരാളിങ്ങനെ പറഞ്ഞു,"...(മരിച്ചയാളിന്റെ) 'പിതാമഹൻ' വന്നു നന്ദി പറയുമെന്ന്! വല്യപ്പൻ മരിച്ചിട്ടു വർഷം കുറെയായി. പിതാവിനെ 'അലങ്കരിക്കാൻ' പോയതാണു കുഴപ്പമായത്. ഇങ്ങനെയെന്തെല്ലാം? ഈ ജാഡകളെല്ലാം നിർത്തണം. പക്ഷേ, കർത്താവു വരുന്നതുവരെ ഇതെല്ലാം കേൾക്കാനുള്ള നിർഭാഗ്യം നമുക്കുണ്ടായിക്കൊണ്ടിരിക്കും.

ഒരു വിവാഹത്തിൽ സംബന്ധിച്ചപ്പോൾ, അതു നടത്തുന്ന പാസ്റ്റർ കൂടെക്കൂടെപ്പറയുന്നതു കേട്ടു, "അർഹതപ്പെട്ടവർ അറിയിക്കണ"മെന്ന് വേറൊരു വാക്ക് അദ്ദേഹത്തിനറിഞ്ഞുകൂടാ. ഉത്തരവാദിത്വപ്പെട്ടവരെന്നോ, ചുമതലക്കാരെന്നോ, വേണ്ടപ്പെട്ടവരെന്നോ ഒക്കെ മാറ്റിപ്പറയാവുന്ന സ്ഥാനത്താണു യാതൊരു ചേർച്ചയുമില്ലാതെ മേല്പടി വാക്ക് ഉപയോഗിക്കുന്നത്. അതുപോലെ, അത്രയും നേരം മലയാളത്തിൽ സംസാരിച്ചിട്ട്, 'യൂ പ്ലീസ് സ്റ്റാൻഡപ്പ്' എന്നൊക്കെപ്പറയാതെ, "എഴുന്നേറ്റാട്ടെ" യെന്നു പറയുന്നതല്ലേ നല്ലത്? "ഇന്നത്തെ വരനെയും 'വരി'യെയും അനുഗ്രഹിക്കണമേ" എന്നു പ്രാർത്ഥിച്ചവരുമുണ്ട്.

**നീക്കിബാക്കി:** ഇതൊന്നും സാധാരണനിലയിൽ മാറാൻ പ്രയാസമാണ്. പണ്ടൊരു പാസ്റ്റർ പ്രസംഗിച്ചപ്പോൾ പറഞ്ഞതുപോലെ,അതെല്ലാം നമ്മളങ്ങു 'പ്രാക്റ്റീഷ്യൻ' ചെയ്തിരിക്കുകയാണ്.

## റ്റി. പി. എം. അന്തർദേശീയ കൺവൻഷൻ ചെന്നൈയിൽ

ചെന്നൈ: ദി പെന്തെക്കോസ്ത് മിഷൻ അന്തർദേശീയ കൺവൻഷനും അഖിലേന്ത്യാ ശുശ്രൂഷക സമ്മേളനവും മാർച്ച് 11 ബുധൻ മുതൽ 15 ഞായർ വരെ ചെന്നൈയിൽ നടക്കും. ചീഫ് പാസ്റ്റർ വെസ്ലി പീറ്റർ, ഡപ്യൂട്ടി ചീഫ് പാസ്റ്റർ എൻ സ്റ്റീഫൻ, അസോസിയേറ്റ് ഡപ്യൂട്ടി ചീഫ് പാസ്റ്റർ ജി ജയം എന്നിവരും മിഷന്റെ മറ്റു പ്രധാന ശുശ്രൂഷകരും ദൈവവചനം പ്രസംഗിക്കും. കായംകുളം സ്വദേശിയായ പാസ്റ്റർ വെസ്ലി പീറ്റർ ആണ് സഭയുടെ ചീഫ് പാസ്റ്റർ. മധുര സ്വദേശിയായ പാസ്റ്റർ എൻ. സ്റ്റീഫൻ ഡപ്യൂട്ടി ചീഫ് പാസ്റ്ററും ശ്രീലങ്ക സ്വദേശിയായ പാസ്റ്റർ ജി ജയം അസോസിയേറ്റ് ഡപ്യൂട്ടി ചീഫ് പാസ്റ്ററും ആയി സേവനം അനുഷ്ഠിക്കുന്നു.



## ഡോ.കോര സംസാരിക്കുന്നു



1. ഐ. പി. സി. ഭരണഘടന സ്റ്റേറ്റ് പ്രസ്ബിറ്ററി ലംഘിച്ചു - വാർത്ത

*ഭരണഘടന ഉള്ളതുകൊണ്ടല്ലേ ലംഘനം നടന്നത്. അതുകൊണ്ട് ഭരണഘടന വേണ്ടെന്നുവെക്കുക. ലംഘനം ഒഴിവാക്കാമല്ലോ.*

2. ഐ. പി. സി.യിൽ പാനൽ ഒഴിവാക്കാൻ വേണ്ടി പാനൽ മീറ്റിംഗ് നടന്നു. **-വാർത്ത**

*2015-ലെ ഏറ്റവും വലിയ തമാശ*

3. ഐ. പി. സി. ജനറൽ കൺവൻഷൻ കണക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുവെന്ന് കോരയറിഞ്ഞോ - **മോൻസി, ഇലന്തൂർ**

*അറിഞ്ഞു മോൻസി. കോര കാത്തിരിക്കുന്നു. മോൻസിയും എന്തെക്കെയൊ കാത്തിരിക്കുന്ന ലക്ഷണമുണ്ടല്ലോ.*

# പെന്തെക്കോസ്ത് യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിന് പുതിയ ഭാരവാഹികൾ


പാസ്റ്റർ എബി മാമ്മൻ


റോബിൻ രാജു


ജാക്സൺ മാത്യു


ഷോണി പി.തോമസ്


സാം മാത്യു


ബിജു തോമസ്

ഡാളസ്: ഡാളസിലെ ഉപദേശ ഐക്യമുള്ള പെന്തക്കോസ്ത് സഭകളുടെ യുവജന ഐക്യവേദിയായ പെന്തെക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസ് (പി.വൈ.സിഡി)-ന്റെ 2015 വർഷത്തിലേക്കുള്ള ഭാരവാഹികളെ ഇക്കഴിഞ്ഞ ജനുവരി 18-ന് മെസ്കിറ്റ് ശാരോൺ ഫെലോഷിപ്പ് ചർച്ചിൽ വെച്ച് കൂടിയ പ്രതിനിധികളുടെ വാർഷിക സമ്മേളനം തെരഞ്ഞെടുത്തു.

പാസ്റ്റർ എബി മാമ്മൻ (പ്രസിഡന്റ്), റോബിൻ രാജു (കോ-ഓർഡിനേറ്റർ), ജാക്സൺ മാത്യു (ട്രഷറർ), ഷോണി പി.തോമസ് (പബ്ലിസിറ്റി കോ-ഓർഡിനേറ്റർ), സാം മാത്യു (അസോ. കോ-ഓർഡിനേറ്റർ), ബിജു തോമസ് (അസോ. ട്രഷറർ), ഫിന്നി സാം (ഓഡിറ്റർ).

ഇവരെ കൂടാതെ പ്രമോദ് ഡാനിയേൽ (സ്പോർട്സ് കോ-ഓർഡിനേറ്റർ), ലെസ്ലി കോരുത് (മ്യൂസിക്ക് കോ-ഓർഡിനേറ്റർ), കമ്മറ്റി അംഗങ്ങളായി ജെറി രാജൻ, ലിൻസി സാം, എബിൻ വർഗ്ഗീസ്, ജോർജ്ജി വർഗ്ഗീസ് എന്നിവരെയും തെരഞ്ഞെടുത്തു.

# ഐ. പി. സി. ഫാമിലി കോൺഫറൻസ് പ്രെയർ ലൈൻ

**രാജു തരകൻ മീഡിയ കോ. ഓർഡിനേറ്റർ**



ഡാളസ്: നോർത്ത് അമേരിക്കൻ പെന്തെക്കോസ്ത് സഭകളുടെ 13-ാമത് ഐ. പി. സി. ഫാമിലി കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരിക്കുന്ന പ്രെയർ ലൈനിന് ക്രൈസ്തവ ജനങ്ങളുടെ വൻ പിന്തുണയാണ് ലഭിച്ചിരിക്കുന്നത്. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സഭാശുശ്രൂഷകരും, വിശ്വാസികളും കോൺഫറൻസിന് നേതൃത്വം വഹിക്കുന്ന നാഷണൽ ഭാരവാഹികളും ലോക്കൽ പ്രതിനിധികളും പ്രാർത്ഥനയിൽ സജീവ സാന്നിദ്ധ്യമായ് നിലകൊള്ളുന്നു.

ഭാരതത്തിൽ സമാധാനം നിലനിൽക്കുന്നതിനും, മതന്യൂനപക്ഷങ്ങൾക്ക് നീതി ലഭിക്കുന്നതിനും, വിവിധ രാജ്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഭീകര പ്രവർത്തനങ്ങൾ അവസാനിക്കുന്നതിനും പ്രെയർ ലൈനിൽ ശക്തമായ പ്രാർത്ഥന തുടരുകയാണ്. ഒക്കലഹോമ പട്ടണത്തിൽ ജൂലൈ 16 മുതൽ 19 വരെ നടക്കുന്ന കോൺഫറൻസിന്റെ ക്രമീകരണങ്ങൾക്കായ് കൺവീനർ പാസ്റ്റർ അലക്സ് വെട്ടിക്കലിന്റെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഫാമിലി കോൺഫറൻസിന്റെ അനുഗ്രഹത്തിനും, വിജയത്തിനും, ഇതര വിഷയങ്ങൾക്കുമായ് പ്രാർത്ഥനയിൽ സഹകരിക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. പാസ്റ്റർ ജോയി വർഗ്ഗീസ്, ടെലി. 614 - 929 - 1722. പ്രാർത്ഥനാസമയം എല്ലാം ഞായറാഴ്ചയും രാത്രി 9 മണിമുതൽ 10 മണി വരെ (ഈസ്റ്റേൺ സെന്റർ സമയം).

കോൺഫറൻസ് കോൾ 712 - 432 - 1212, മീറ്റിംഗ് ഐ. ഡി.: 325 402 536

Website: www. ipcfamilyconference.com/ E-mail: ipcfamilyconference@gmail.com

# ഭാരവാഹികൾ


സിസ്റ്റർ സോഫി വർഗീസ്


സിസ്റ്റർ എലിസബത്ത് തോമസ്


സിസ്റ്റർ ഷീലാ പോൾ


സിസ്റ്റർ ജോയ്സ് ജേക്കബ്


സിസ്റ്റർ ജെയ്സി തോമസ്


സിസ്റ്റർ ഐറീസ് ജേക്കബ്

ന്യൂയോർക്ക്: ഇന്ത്യാ പെന്തെക്കോസ്തു ദൈവ സഭയുടെ നോർത്തമേരിക്കൻ ഈസ്റ്റേൺ റീജിയന്റെ സഹോദരിസമാജം ഭാരവാഹികളെ ന്യൂയോർക്കിൽ കൂടിയ ജനറൽ ബോഡിയിൽ തിരഞ്ഞെടുത്തു. സിസ്റ്റർ സോഫി വർഗീസ് (പ്രസിഡന്റ്), സിസ്റ്റർ എലിസബത്ത് തോമസ് (വൈസ് പ്രസിഡന്റ്), സിസ്റ്റർ ഷീലാ പോൾ (സെക്രട്ടറി), സിസ്റ്റർ ജോയ്സ് ജേക്കബ് (ട്രഷറാർ), സിസ്റ്റർ ജെയ്സി തോമസ് (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ഐറീസ് ജേക്കബ് (പി.വൈ.പി.എ ലേഡീസ് കോർഡിനേറ്റർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. അടുത്ത മൂന്ന് വർഷത്തേക്ക് വിവിധ പ്രോഗ്രാമുകൾ നടത്തുവാനുള്ള പദ്ധതികളാണ് റീജിയൻ ഭാരവാഹികൾ താല്പര്യപ്പെടുന്നത്.

## കണ്ടതും കേട്ടതും

# "കാപ്പാൻ, പാർപ്പാൻ, ആൻഡ് 'സോസ്പാൻ"

**ജയ്മോഹൻ അതിരുങ്കൽ, 9567759748**

കഴിഞ്ഞലക്കം 'ജാലകം' കണ്ടപ്പോഴും, ഈ ലക്കം 'ക്രൈസ്തവചിന്ത' വായിച്ചപ്പോഴും എനിക്കു സന്തോഷമുണ്ടായി. മാത്യു പാലത്തിങ്കലിന്റെയും ഉജാഗിർസിങ്ങിന്റെയും രചനകളായിരുന്നു അതിനു കാരണം. മാത്യു പാലത്തിങ്കൽ ഒരു അദ്ധ്യാപകന്റെ നിലയിൽ ആലേഖനമെഴുതിയെന്നു പറയാം. ഉജാർഗിർസിങ് ആകട്ടെ, സ്വതസിദ്ധമായ ആക്ഷേപഹാസ്യമാണു ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. എന്തായാലും, മലയാളത്തെ ചിത്രവധം ചെയ്യുന്നതിൽ ദുഃഖിക്കുന്ന ചിലർ നമ്മുടെ കൂട്ടത്തിലുമുണ്ടെന്നുള്ളത് ആശയ്ക്കു വഴി നൽകുന്നുണ്ട്. പത്തുപന്ത്രണ്ടു വർഷമെങ്കിലുമായിക്കാണും, അക്ഷരത്തെറ്റുകളെക്കുറിച്ചൊരു ചെറിയ ലേഖനം 'ക്രൈസ്തവചിന്ത'യിൽ ഞാനെഴുതിയിരുന്നു. നമ്മുടെയിടയിലെ സാമാന്യമായ ചില തെറ്റുകൾ ഞാനാ കുറിപ്പിൽ ചൂണ്ടിക്കാട്ടിയിരുന്നു. പ്രധാനമായും ഡി. റ്റി. പി. ജോലി ചെയ്യുന്നവർ വരുത്തുന്ന തെറ്റുകളായിരുന്നു അതിൽ പരാമർശിച്ചിരുന്നത്. അതു വായിച്ചിട്ട്, ഡി. റ്റി. പി. ജോലിക്കാരനായ ഒരു സഹോദരൻ, അനല്പമായ കോപത്തോടെ ഒരു കത്തെഴുതി. പിന്നെ അതിനു 'ചിന്ത'യിൽത്തന്നെ മറുപടി നൽകേണ്ടിവന്നു.




പ്രധാനമായും സന്ധിയിലും (conjunction) വിഭക്തി(case)യിലുമാണ് അബദ്ധങ്ങൾ എഴുതിപ്പിടിപ്പിക്കുന്നത്. ദ്വിത്വസന്ധിയിലെഴുതേണ്ടുന്നവ ലോപസന്ധിയിൽ പിരിച്ചെഴുതുകയാണ്. പണ്ടു *ക്രൈസ്തവചിന്ത*യിൽ ഉദ്ധരിച്ച ഒരു തലക്കെട്ട് ഇന്നും പ്രസക്തമാണ്. "ആലുവ പുഴയിൽ മുങ്ങിമരിച്ചു". മുൻനിര മലയാളം പത്രത്തിലാണതു വന്നത്. ഇപ്പോൾ അതിൽ വരുന്ന പല പദപ്രയോഗങ്ങളും പൊട്ടത്തെറ്റാണ്. 'ആലുവാപ്പുഴയിൽ മുങ്ങിമരിച്ചു' എന്നായിരുന്നെങ്കിലോ? കാര്യം മനസ്സിലായേനെ! പ്രമുഖ ഉച്ചപ്പത്രത്തിൽ വന്ന തലക്കെട്ടോർക്കുന്നു. 'വൃന്ദ കാരാട്ടിനെ അറസ്റ്റ് ചെയ്തു' എന്നായിരുന്നു അത്. ഭർത്താവിനെ (കാരാട്ടിനെ) ഭാര്യ (വൃന്ദ) അറസ്റ്റ് ചെയ്തുവെന്നാണ് അതു വായിച്ചാൽ മനസ്സിലാവുക. ശരിയെങ്ങനെയാണ്? 'വൃന്ദാകാരാട്ടിനെ അറസ്റ്റ് ചെയ്തു'. ഇന്ദിരാഗാന്ധി, സോണിയാ ഗാന്ധി, സുനന്ദാ പുഷ്കർ എന്നിങ്ങനെയെഴുതിയാൽ മാത്രമേ ഭാര്യാഭർത്തൃബന്ധം മനസ്സിലാകൂ (പിതാപുത്രീബന്ധമാണെങ്കിലും അങ്ങനെ വേണമെഴുതാൻ).

പ്രസിദ്ധനായ ഒരു ഗ്രന്ഥകാരന്റെ കൃതിയാണു 'സഖാക്കളെ മുന്നോട്ട്'. 'സഖാക്കളേ' എന്ന സംബോധികാരൂപമാണു വേണ്ടത്. ഒരാളെ / പലരെ സംബോധന ചെയ്യുമ്പോൾ (അപ്പാ, അമ്മേ, സാറേ, സഹോദരാ, സഹോദരീ, മാന്യരേ) വരുന്ന നീട്ടു തന്നെ എഴുത്തിലും വരുമെന്നു സാരം. വിഭക്തികൾ വകതിരിച്ചറിയാതെ ഉദിഷ്ടകാര്യം എഴുതി ഫലിപ്പിക്കാൻ പ്രയാസമാണ്. "നിപ്രസം ഉപ്രസം ആ" (നിർദ്ദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, പ്രയോജിക, സംബന്ധിക, ആധാരിക) എന്ന എളുപ്പവഴി, അദ്ധ്യാപകൻ പറഞ്ഞു തന്നതോർക്കുന്നു. 'അപരിചിതരേ, സൂക്ഷിക്കുക; അപരിചിതരെ സൂക്ഷിക്കുക'- വ്യത്യാസം മനസ്സിലായിക്കാണുമെന്നു കരുതുന്നു.

സ്കൂളിന്റെ മുന്നിലെ ജങ്ക്ഷനിൽ 'സീബ്ര ലൈൻ വരച്ചു' എന്നൊരു തലക്കെട്ടു കഴിഞ്ഞയിടെ കണ്ടിരുന്നു. വരയ്ക്കാനറിയാവുന്ന സീബ്രയുണ്ടോയെന്നു ചോദിക്കേണ്ടതില്ല. 'സീബ്രാലൈൻ' എന്നു ദീർഘോച്ചാരണമില്ലാത്തതാണു കാരണം. കാക്കക്കുഞ്ഞെന്നെഴുതാൻ പലർക്കുമറിഞ്ഞുകൂടാ; കാക്കകുഞ്ഞെന്ന് അവരെഴുതും. മുൻപെഴുതിയതു തന്നെയെഴുതുന്നു: 'ആനപുറത്തു കയറി'യെന്നതും 'ആനപ്പുറത്തു കയറി'യെന്നതും തമ്മിൽ ആനയും ആടുംപോലുള്ള വ്യത്യാസമുണ്ട്. ഇങ്ങനെയുള്ള ബാലപാഠങ്ങൾ പഠിക്കാതെയാണു പല കവിപുംഗവന്മാരും "നോവൽ"ലിസ്റ്റുകളും നോവിക്കുന്ന നോവലുകളും കവിതകളും പ്രതികരണങ്ങളുമെഴുതുന്നത് (കവയിത്രികളും മേല്പടി തന്നെ).

ഇനി പറച്ചിലിനെപ്പറ്റി. പണ്ടത്തെ മലയാളത്തിൽ 'ക്ക'യുടെ സ്ഥാനത്തു മുഴുവൻ 'പ്പ' ആയിരുന്നു. അതുകൊണ്ടാണു പാർ'പ്പാ'ൻ, കാ'പ്പാ'ൻ, നി'ല്പാ'ൻ എന്നൊക്കെ എഴുതേണ്ടിവന്നത്. കാലം മാറിയപ്പോൾ, 'പ്പ' പായും ചുരുട്ടിക്കൊണ്ടുപോയി. തൽസ്ഥാനത്തു 'ക്ക' വന്നു കിടന്നു. പക്ഷേ അതറിയാത്തവർ നമ്മുടെ പ്രസംഗകരും (ചില) എഴുത്തുകാരുമാണ്. അവർക്കു 'പ്പ' പറഞ്ഞാലേ/ എഴുതിയാലേ തൃപ്തിയാകൂ. അതുകൊണ്ടാണു 'സ്നേഹിപ്പാൻ ആരുമില്ലയോ?' എന്നു കാസറ്റിനുപോലും പേരിട്ടത്. അതു സ്നേഹിക്കാൻ എന്നായിരുന്നെങ്കിലുള്ള കുഴപ്പമെന്തായിരുന്നു? 'കാപ്പാനെ'ന്നും 'പാർപ്പാനെ'ന്നുമൊക്കെ ക്കേൾക്കുമ്പോൾ, *സോസ്പാൻ* പോലൊരു തോന്നലാണുണ്ടാവുക, കാലഹരണപ്പെട്ട പ്രയോഗങ്ങളും വാക്കുകളും ഒഴിവാക്കുന്നതല്ലേ ഭംഗി? തക്കവണ്ണം ഇപ്പോഴും 'നല്ലവണ്ണം' നമ്മുടെയിടയിലുണ്ട്. അതു നമുക്കേ അറിയൂ. കടന്നുവരലും നൽകിത്തരലും പകൽക്കാലവും ഇടയായിത്തീരലുമെല്ലാം കൊടികുത്തിവാഴുകയാണ്.

ഇതുപോലെയാണ് ഉകാരത്തിന്റെ ചിഹ്നങ്ങൾ. അവ രണ്ടെണ്ണമാണുള്ളത്. സംവൃതവും (ു) വിവൃതവും (്) സ്വരാക്ഷരങ്ങളിൽ ആരംഭിക്കുന്ന വാക്കുകൾക്കു മുന്നിൽ വരുന്ന ഉകാരം'മീത്തൽ' (ചന്ദ്രക്കല) ആണ് (അവന് ഓർമ്മ വന്നു). വ്യഞ്ജനാക്ഷരങ്ങളിലാരംഭിക്കുന്ന വാക്കുകൾക്കു മുന്നിൽ അവസാനിക്കുന്ന പദങ്ങൾക്കു 'കുനിപ്പ്' (ു) എഴുതും (അവനു കൊടുത്തു). ഇതെഴുതുമ്പോൾ, 'അഗാപെ'എന്നു പേരുള്ള ഒരു കൈയെഴുത്തു മാസിക കണ്ടു. അതു കാണുന്നതിനുമുൻപു ഞാൻ മരിച്ചില്ലല്ലോയെന്നു തോന്നിപ്പോയി. പേരുതന്നെ തെറ്റിക്കിടക്കുകയാണ്. 'അഗാപെ കൈയ്യെഴുത്തു മാസിക', 'കൈ' വന്നാൽ, 'യ' ഇരട്ടിക്കരുത് കൈയെഴുത്തുമാസിക. 'യ്യ' വരണമെങ്കിൽ കയ്യെഴുത്തുമാസികയെന്നഴുതണം. പിന്നെ തെറ്റുകളുടെ ബഹളമാണ്. അപ്പോ. പ്രവൃത്തി ഒരു പഠനം എന്നതിലെ *ഒരു* എഴുതിയിരിക്കുന്നത് ഭാഷയിലില്ലാത്ത രൂപത്തിലാണ്. -ഒരു!' അക്ഷരമെഴുതാൻ പഠിക്കാതെ എന്തിനിങ്ങനെ പ്രസിദ്ധീകരണങ്ങളിറക്കുന്നു (അതും കൈയെഴുത്തു മാസിക) ചിന്തിച്ചുപോകുന്നു. മലയാളത്തിലെ 'തെറ്റ്' സാരമില്ലാത്തതും, ഇംഗ്ലിഷിലെ 'മിസ്റ്റെയ്ക്' സാരമുള്ളതുമാണ്. ഇംഗ്ലിഷിലെ തെറ്റുകൾ നമ്മൾ സമ്മതിക്കുകയില്ല!

കഴിഞ്ഞയിടെ ഒരു മരണവീട്ടിലെത്തി. അവിടെ ശുശ്രൂ

10

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 05
BELIEVERS JOURNAL
PUBLISHED ON 10/03/2015
BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Posted at RMS Thiruvalla
Annual Sub. ₹ 150
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# 12–ാമത് എം. പി. എ. കോൺഫറൻസ് ഒരുക്കങ്ങൾ പൂർത്തിയാകുന്നു


പാസ്റ്റർ പി. സി. ചെറിയാൻ


പാസ്റ്റർ സാക് ചെറിയാൻ


പാസ്റ്റർ ജോ. കുര്യൻ

ഗ്ലാസ്ഗൊ: യു. കെ. & അയർലണ്ട് രാജ്യങ്ങളിലുള്ള മലയാളി പെന്തെക്കോസ്ത് സമൂഹത്തിന്റെ ആത്മീയ ഐക്യ വേദിയായ മലയാളി പെന്തെക്കോസ്ത് അസോസിയേഷന്റെ 12–ാമത് കോൺഫറൻസ് സ്കോർട്ട്ലാൻഡിലെ ഗ്ലാസ്ഗോ പട്ടണത്തിലുയള്ള സെന്റ് ആൻഡ്രൂസ് ഹൈസ്കൂൾ (OLD MONKLAND ROAD, COATBRIDGE, SCOTLAND, ML 5 5EA) ഓഡിറ്റോറിയത്തിൽ വച്ച് 2015 ഏപ്രിൽ 3,4,5 തീയതികളിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കുന്നു.

ഈ സമ്മേളനങ്ങളിൽ പാസ്റ്റർ പി. സി. ചെറിയാൻ (ഇന്ത്യ), പാസ്റ്റർ സാക് ചെറിയാൻ (യു. എസ്. എ.) എന്നിവർ പ്രധാന സന്ദേശങ്ങൾ നൽകും. “ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പീൻ” എന്നതാണ് ഈ സമ്മേളനത്തിന്റെ ചിന്താവിഷയം.

ഏപ്രിൽ 3–നു വെള്ളിയാഴ്ച രാവിലെ 10 മണിക്ക് എം. പി. എ. പ്രസിഡന്റ് റവ. ഡോ. ജോ കുര്യൻ ഉദ്ഘാടനം ചെയ്ത് ആരംഭിക്കുന്ന ഈ സമ്മേളനം 5–നു ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനയോടെ സമാപിക്കും. യുവജനങ്ങളുടെ താലന്തു പരിശോധനയിൽ പങ്കെടുക്കുന്നവരുടെ അഭ്യർത്ഥനയെ മാനിച്ച് രജിസ്ട്രേഷൻ മാർച്ച് 15 വരെ നീട്ടി.

എം. പി. എ.യുടെ വിജയകരമായ നടത്തിപ്പിനായി പ്രസിഡന്റ് പാസ്റ്റർ ജോ. കുര്യൻ, ജനറൽ സെക്രട്ടറി പാസ്റ്റർ ജി. സാമുവേൽ എന്നിവരുടെ നേതൃത്വത്തിൽ നാഷണൽ കമ്മറ്റിയും, വൈസ് പ്രസിഡന്റ് പാസ്റ്റർ ബാബു സക്കറിയ, റീജണൽ കോർഡിനേറ്റർ പാസ്റ്റർ വർഗീസ് തോമസ്, ലോക്കൽ കൺവീനർ പാസ്റ്റർ ജോൺ സാമുവേൽ എന്നിവരുടെ നേതൃത്വത്തിൽ ലോക്കൽ കമ്മറ്റിയും പ്രവർത്തിക്കുന്നു.




# ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
## ബാംഗ്ലൂർ, കർണ്ണാടക

**ഏബനേസർ ഡിഗ്രി കോളജ്**
ബി. കോം., ബി. ബി. എ., ബി. സി. എ.
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

**എബനേസർ കോളജ് & സ്കൂൾ ഓഫ് നേഴ്സിംഗ്**
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ. എൻ. സി. & ഐ. എൻ. സി. അംഗീകാരം)

**ബി. എസ്. സി. നേഴ്സിംഗ്**
കാലാവധി 4 വർഷം/ യോഗ്യത 10+2/ 45%
**ജി. എൻ. എം.**
കാലാവധി 3 വർഷം/ യോഗ്യത 10+2/40%

**Accomodation Available**
വിജയത്തിന്റെ പടവുകൾ താണ്ടുന്ന
എബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ,
മികച്ച അദ്ധ്യാപനം, മികച്ച ആത്മീയ നിലവാരം, ആരാധന സൗകര്യം,
കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ
മികച്ച അദ്ധ്യായനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ
ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം

The Administrator
Eben-Ezer Instutions, No: 19,
Ebenezer Nagar
Kothanur P.O., Banglore - 560 077

Tel: 080-28444201, 65654909, 28445678,
09740157249, 09886383410, 09845890178

Email: ebenezerblr@yahoo.co.in
Website: www. ebenezerblr.org

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.